# പ്രിയതമന്...

ഒരു ഭാര്യയുടെ പരിഭവമൊഴികൾ

ശൈഖ് സുൽത്താൻ ബിൻ അബ്ദില്ല അൽ അംരി

# പ്രിയതമന്...

## ഒരു ഭാര്യയുടെ പരിഭവമൊഴികൾ

മൊഴിമാറ്റം:
കബീർ. എം. പറളി

**DA'WA BOOKS**
**P.B No: 1981, Vyttila, Cochin - 19**

# DA'WA BOOKS

Malayalam | Study | Priyathamanu, Oru Bharyayude Paribhavamozhikal

പ്രിയതമന്, ഒരു ഭാര്യയുടെ പരിഭവമൊഴികൾ...

Author : Shaikh Sulthan Al Amri

Translator : Kabeer. M. Parali

Third Edition : April 2014

**Price: Rs. 40.00**

Publisher | Distribution

Da'wa Books | Vyttila | Kochi - 19 | Kerala | India

Web: www.dawabooks.org | Email: dawabook@gmail.com

Cover: Irshad | Type Setting : Shabin | Printing : Anaswara Offset, Kochi

ISBN: 978-93-82581-44-4



All rights reserved. No part of this work may be reproduced or utilised in any form or by any means without the prior written permission of the publishers.

അന്താരാഷ്ട്ര നിലവാരത്തിൽ മലയാള പുസ്തകങ്ങൾ പുറത്തിറക്കുകയും പ്രസക്തമായ വിവിധ ഭാഷാഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി പ്രസിദ്ധീകരിക്കുകയും അന്താരാഷ്ട്ര സമൂഹത്തിന് പരിചയപ്പെടുത്തേണ്ട മലയാള മൗലിക കൃതികൾ മറ്റു ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ച 'ദഅ്‌വാ ബുക്സ്' ശ്രദ്ധേയവും വ്യതിരിക്തവുമായ പുസ്തകങ്ങൾ പുറത്തിറക്കിക്കൊണ്ട് ഇതിനകം തന്നെ പുസ്തക പ്രസാധന രംഗത്ത് സ്ഥിര പ്രതിഷ്ഠ നേടിക്കഴിഞ്ഞിട്ടുണ്ട്, الحمد لله.

വിശുദ്ധ ഖുർആനും തിരുസുന്നത്തുമാകുന്ന ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ, പ്രവാചകന്റെ (ﷺ) പ്രത്യേകമായ അംഗീകാരം ലഭിച്ച ആദിമ തലമുറക്കാർ മനസ്സിലാക്കിയതുപോലെ മനസ്സിലാക്കണമെന്ന അഹ്‌ലുസുന്നത്തി വൽ ജമാഅത്തിന്റെ രീതിശാസ്ത്രത്തിൽ ഗ്രന്ഥരചന നടത്തിയിട്ടുള്ള പണ്ഡിതൻമാരുടെ പുസ്തകങ്ങളാണ് പ്രധാനമായും ദഅ്‌വ ബുക്സ് പുറത്തിറക്കുന്നത്. ഗ്രന്ഥകർത്താക്കളുടെ സ്വന്തമായ അഭിപ്രായങ്ങളിലേക്ക് ക്ഷണിക്കുകയല്ല, പ്രമാണബദ്ധമായി കാര്യങ്ങളെ വിലയിരുത്തുകയും മനസ്സിലാക്കുകയും ചെയ്യുന്നതിലേക്ക് നയിക്കുകയാണ് ഇത്തരം ഗ്രന്ഥങ്ങൾ പുറത്തിറക്കുമ്പോൾ 'ദഅ്‌വ ബുക്സ്' ഉദ്ദേശിക്കുന്നത്. ഗ്രന്ഥകർത്താക്കളുടെ സ്വന്തമായ അഭിപ്രായങ്ങൾ ദഅ്‌വാ ബുക്സിന്റെ അഭിപ്രായങ്ങളല്ലെന്നർഥം.

ഭാര്യയോടുള്ള കടപ്പാടുകൾ യഥാവിധി നിറവേറ്റാത്ത ഭർത്താക്കന്മാർ ചെയ്യുന്നത് ദാമ്പത്യസംതൃപ്തി തകർക്കുക മാത്രമല്ല, പരലോക ശിക്ഷക്ക് പാത്രമാവുക കൂടിയാണ്. പെണ്ണിന്റെ ശാരീരികവും മാനസികവുമായ സംതൃപ്തി ഉറപ്പുവരുത്തൽ ആണിന്റെ ഇസ്‌ലാമികമായ ബാധ്യതയാണെന്ന തിരിച്ചറിവാണ് ഈ പുസ്തകത്തിന്റെ അന്തർധാര. ഭാര്യ എന്ന നിലയിലുള്ള അവകാശങ്ങൾ സ്ത്രീക്ക് അന്യായമായി നിഷേധിക്കപ്പെടുന്ന രീതികളും ഇടങ്ങളും, മനസ്സിൽ സ്നേഹത്തിന്റെ ഉറവ വറ്റിയിട്ടില്ലാത്ത പുരുഷന്മാരെ മുഴുവൻ ആത്മവിചാരണക്ക് പ്രേരിപ്പിക്കുന്ന ഭാഷയിൽ ആവിഷ്കരിച്ചിരിക്കുന്നു.

നാഥാ. . . . നീ ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ).

**മാനേജർ**

# إليك يا زوجي

المؤلف

سلطان بن عبد الله العمري

المترجم

كبير يم. بارالي

الناشر

مكتبة الدعوة، كوشن، كيرالا، الهند

# താളുകളിൽ


| | | |
|---|---|---|
| | വായനക്കു മുമ്പ് | 11 |
| | ശൈഖ് സുൽത്താൻ ബിൻ അബ്ദില്ല അൽ അംരി | 13 |
| | മുഖമൊഴി | 15 |
| 1. | സൗഭാഗ്യവതി | 17 |
| 2. | കാരുണ്യത്തിന് വിലയുണ്ട് | 20 |
| 3. | കടപ്പാടുകൾ | 22 |
| 4. | ഉത്തമ മാതൃക | 24 |
| 5. | ഒന്നിച്ചിരുന്നൊരു ചർച്ച | 25 |
| 6. | അണിഞ്ഞൊരുങ്ങുക | 27 |
| 7. | ആത്മവിചിന്തനം | 29 |
| 8. | നമുക്കാരുണ്ട് പിന്നെ? | 31 |
| 9. | ശാസിച്ചോളൂ, പക്ഷേ... | 33 |
| 10. | എന്തേ ഒന്ന് കിന്നരിച്ചാൽ? | 35 |
| 11. | പരിഭവമൊഴികൾ | 37 |
| 12. | വേണോ ഈ ധൂർത്ത്? | 39 |
| 13. | സത്യം! ഞാൻ ഖേദിച്ചിരിക്കുന്നു | 41 |
| 14. | വേണ്ടേ നമുക്കൊരു ജാഗ്രത? | 43 |
| 15. | പൊന്നേ, എന്താണിങ്ങനെ സംഭവിക്കാൻ? | 45 |
| 16. | “സന്തോഷവാർത്തയുണ്ട്, മകൾ ഗർഭിണിയാണ്” | 47 |
| 17. | “നോക്കൂ ഞങ്ങൾക്ക് വിശപ്പു താങ്ങാനാകും...” | 51 |
| 18. | ‘ഹമ്പടി, കൽപിക്കാനും തുടങ്ങിയോ?’ | 53 |

| | | |
|---|---|---|
| 19. | അവധികാല ചിന്തകൾ | 55 |
| 20. | എല്ലാം അല്ലാഹു കണ്ടുകൊണ്ടിരിക്കുന്നുണ്ട് | 58 |
| 21. | പാടില്ലായിരുന്നു... ക്ഷമിച്ചാലും | 60 |
| 22. | ഇല്ല മോളേ, ഇല്ല, ആയിരം വട്ടം ഇല്ല | 62 |
| 23. | ഷോപ്പിംഗിന് | 64 |
| 24. | ഞാൻ തിരക്കിലാണ് എന്ന് പറഞ്ഞുകൂടേ? | 66 |
| 25. | ഈ ധൂമപടലം മടുത്തു | 68 |
| 26. | ആ കൈകളിലൊരു സമ്മാനപ്പൊതി കാണാൻ | 70 |

بسم الله الرحمن الرحيم

# വായനക്കു മുമ്പ്

ശൈഖ് സുൽത്താൻ ബിൻ അബ്ദില്ല അൽ അംരിയുടെ *ഇലൈക യാ സൗജീ* എന്ന അറബി കൃതിയുടെ പരിഭാഷയാണ് നിങ്ങളുടെ കൈകളിലിരിക്കുന്ന *പ്രിയതമന്, ഒരു ഭാര്യയുടെ പരിഭവമൊഴികൾ*. ദാമ്പത്യജീവിതത്തിൽ ദീനിചിട്ടകൾ കൊതിക്കുന്ന നിഷ്കളങ്കയായ ഒരു ഭാര്യ തന്റെ പ്രിയതമന് നൽകുന്ന ഹൃദയഹാരിയായ കുറിപ്പുകളാണ്ഇതിലുള്ളത്. ഓരോ ഭാര്യക്കും തന്റെ ഭർത്താവിനോട് പറയാൻ ഒരുപാട് ഇഷ്ടങ്ങളും അനിഷ്ടങ്ങളുമുണ്ടാകും. പ്രതീക്ഷകളും പരിഭവങ്ങളുമുണ്ടാകും. ഉള്ളിലൊതുക്കുന്നതിനേക്കാൾ നന്മ ഉള്ളു തുറക്കുന്നതിലാണ്. ഈ കൃതിയിൽ ഒരു ഭാര്യയുടെ ഉള്ളുതുറന്ന കുറിപ്പുകളാണുള്ളത്.

പെണ്ണിന്റെ മനോവികാരങ്ങളെ ചൂട് ചോർന്നുപോകാതെ അവതരിപ്പിക്കാൻ, പുരുഷനായിട്ടും, ഗ്രന്ഥകാരന് സാധിച്ചിട്ടുണ്ട്. പരിഭാഷയിൽ അറബി ഭാഷയിലെ അതേ ചാരുത നിലനിർത്താൻ കഴിവതും ശ്രമിച്ചിട്ടുണ്ട്. കേരളീയന്റെ വായനാ പരിസരത്തിലേക്ക് കൃതിയെ ഇറക്കിക്കൊണ്ടുവരാൻ പ്രയോഗങ്ങളിലും ശൈലിയും സ്വാതന്ത്ര്യമുപയോഗിച്ചിട്ടുണ്ട്.

ഇത് വെറുമൊരു വായനാ കൃതിയല്ല, ഒരു ഭാര്യക്ക് തന്റെ ഭർത്താവിന് മുന്നിൽ മാർക്ക് ചെയ്ത് നൽകാവുന്ന ഒരുപാട് കുറിപ്പുകളുടെ സമാഹാരമാണ്. ഇതിൽ ജീവിതമുണ്ട് എന്ന് പറയാൻ ധൈര്യം നൽകുന്നത്, അനുഭവങ്ങളാണ്. ഇത് വായിക്കുമ്പോൾ, ജീവിതത്തിലെ അനുഭവങ്ങൾ വായനക്കാരന്, വായനക്കാരിക്ക്, ഓർമ വരുന്നുവെങ്കിൽ അത് സ്വാഭാവികം മാത്രം.

ശൈഖിന്റെ രചനാപാടവം അനിതരമാണ്. അനുവാചകന് അത്രകണ്ട് ആസ്വാദനം നൽകാൻ ഈ ദുർബല ഹസ്തങ്ങളുടെ പരിഭാഷക്ക് കഴിഞ്ഞിട്ടുണ്ടോ എന്നറിയില്ല. എങ്കിലും സമർപിക്കുകയാണ്. വിശുദ്ധ ദീനിന്റെ അധ്യാപനങ്ങളെ സമജ്ഞസമായി ഉൾച്ചേർത്തിട്ടുള്ള കുറിപ്പുകൾ ഫലം ചെയ്യുമെന്ന പ്രതീക്ഷയുണ്ട്. നാഥാ.... നീയിതിനെ സൽകർമമായി സ്വീകരിച്ചാലും (ആമീൻ).

**കബീർ എം. പറളി**

## ശൈഖ് സുൽത്താൻ ബിൻ അബ്ദില്ല അൽ അംരി

ജനനം ഹിജ്റ 1395 ൽ രിയാദ് പട്ടണത്തിൽ. സെക്കന്ററി പഠനകാലത്ത് ഖുർആൻ മുഴുവൻ ഹൃദിസ്ഥമാക്കി. കിതാബു ത്തൗഹീദ്, അത്ത്വഹാവിയ്യ, അൽ ബൈഖൂനിയ്യ, ഉംദത്തുൽ അഹ്കാം, ബുലൂഗുൽ മറാം തുടങ്ങിയ ഗ്രന്ഥങ്ങളും മനഃപാഠമാക്കിയിട്ടുണ്ട്. ഇമാം മുഹമ്മദ് ബ്നു സുഊദ് ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയിലെ ഉസൂലുദ്ദീൻ ഫാക്കൽറ്റിയിൽ നിന്നും 1419ൽ ബിരുദം നേടി. അബ്ദുല്ല ബ്ൻ ജിബ്‌രീൻ, സ്വാലിഹ് ആലുശ്ശൈഖ്, അബ്ദുല്ല അൽ ഗുനൈമാൻ, അബ്ദുൽ അസീസ് അൽ റാജിഹി തുടങ്ങിയവർ ശൈഖ് സുൽത്താന്റെ അധ്യാപകരായിരുന്നു. ഇപ്പോൾ തബൂക്ക് എയർബേസ് സ്കൂളിൽ അധ്യാപകവൃത്തി നടത്തുന്നു. തബൂക്കിലെത്തന്നെ ജാമിഅ് മലിക്ക് അബ്ദിൽ അസീസിലെ ഇമാം കൂടിയാണ് ഇദ്ദേഹം. വ്യക്തിജീവിതത്തിൽ അനുഗുണമാറ്റങ്ങൾക്ക് പ്രചോദനമേകുന്ന രചനകൾ ശൈഖ് സുൽത്താന്റേതായി ഒരുപാടുണ്ട്.

## മുഖമൊഴി

ഇത് നിങ്ങളുടെ പ്രിയതമയിൽ നിന്നാണ്.
കഴിഞ്ഞ നീണ്ടവർഷങ്ങളായി
നിങ്ങളോടൊത്ത് ജീവിക്കുന്ന നിങ്ങളുടെ
പ്രിയതമ.
നിറഞ്ഞ സ്നേഹാദരവുകളോടെ താങ്കൾക്ക്
സമർപിക്കുന്ന ഈ കുറിപ്പുകൾ എന്നിൽ
നിന്ന്
സ്വീകരിച്ചാലും.
നന്മയല്ലാതെ മറ്റൊന്നും ഇതുകൊണ്ട്
ഞാനുദ്ദേശിച്ചിട്ടേയില്ല, അല്ലാഹു സാക്ഷി.
നമുക്കിടയിൽ പരസ്പരോപദേശങ്ങൾ
നിലനിൽക്കേണ്ടത് അനിവാര്യമാണെന്ന്,
തീർച്ചയായും ഞാൻ കരുതുന്നു.
ദാമ്പത്യജീവിതത്തിലെ പോരായ്മകൾക്കു
നേരെ കണ്ണടക്കുന്നത് ഹൃദയങ്ങൾക്കിടയിൽ
അകൽച്ചയുണ്ടാക്കും എന്ന കാര്യം, സഖേ,
താങ്കൾക്കുമറിയുന്നതല്ലേ?
അതിനാൽ എന്റെയീ വരികൾക്ക് ഖൽബും
കാതും തന്നാലും; വേണ്ട, നമുക്കൊരുമിച്ചിരു
ന്നു തന്നെ ഇത് വായിച്ചു തീർക്കാം.

# 1

# സൗഭാഗ്യവതി

അന്നു കയ്യിൽ കിട്ടിയ ഒരു പുസ്തകം വായിക്കവേയാണ് ആ ചോദ്യം എന്റെ ശ്രദ്ധയെ പിടിച്ചു നിർത്തിയത്.
ജീവിതത്തിൽ നീ സൗഭാഗ്യവതിയാണോ?
ഞാൻ അത്ഭുതപ്പെട്ടുപോയി; ആദ്യമായാണ് ഇത്തരമൊരു ചോദ്യം എന്നെ സ്പർശിക്കുന്നതു തന്നെ.
എന്റെ കയ്യിൽ അതിന് എന്തുണ്ട് മറുപടി?
സഖേ, ഞാനൊരുപാട് ചിന്തിച്ചു. ഗതകാലജീവിതത്തിന്റെ മുക്കുമൂലകളിൽ നിന്ന് ഒരു ഉത്തരത്തിന് വേണ്ടി ഞാൻ എന്നിലേക്കു തന്നെ ഉൾവലിഞ്ഞു പരതാൻ തുടങ്ങി.
മനസ്സേ, പറയുക; ഇക്കാലമത്രയും ഞാൻ ജീവിതത്തിന്റെ സൗഭാഗ്യമനുഭവിച്ചിട്ടുണ്ടോ?
ഈ ചോദ്യം നൂറാവർത്തി ഞാനെന്നോട് തന്നെ ചോദിച്ചു.
അവസാനം ഞാൻ സമാധാനിച്ചത് ഇങ്ങനെയാണ്:
സംശയമെന്ത്, ഞാൻ സൗഭാഗ്യവതി തന്നെയാണ്.
നല്ലൊരുദ്യോഗം, നല്ലൊരു വീട്, അഹങ്കരിക്കാവുന്ന സൗന്ദര്യം. സമൂഹത്തിൽ ആദരിക്കപ്പെടുന്ന ഒരു ഭർത്താവിന്റെ സാമീപ്യം, കരൾകഷ്ണങ്ങളായ ആറു മക്കളുടെ മാതാവ്. മിക്കപ്പോഴും സമ്മാനപ്പൊതികളുമായി വന്നു കാണുന്ന ആറുപേരും നല്ല നിലയിൽ. ഏതു നിലക്കും കൺകുളിർമ മാത്രം.
അതെ,ഞാൻ ജീവിതത്തിന്റെ സൗഭാഗ്യം ആവോളം അനുഭവിക്കുന്നു.
ദിവസങ്ങൾ കടന്നുപോയി.
സൗഭാഗ്യാനുഭവത്തിന്റെ ചിന്തുകൾ എന്നിൽ നിന്നും അൽപാൽപമായി കുറയുന്നുവോ...!
ആയിടക്കാണ് നമ്മുടെ പള്ളിയിലെ ഇമാമിന്റെ പ്രസംഗത്തിൽ നിന്നും ഞാൻ ആ കഥ കേട്ടത്.
താങ്കൾക്കുവേണ്ടി ഞാനത് ഒന്നു കൂടി ഓർക്കുകയാണ്: ഒരിക്കൽ

ഇമാം അഹ്മദിന്റെ ﷺ അടുക്കൽ വന്നു കൊണ്ട് ഒരാൾ ചോദിച്ചുവത്രെ: "ബഹുമാന്യരേ, ഒരു മനുഷ്യൻ യഥാർഥ സൗഭാഗ്യത്തിന്റെ സംതൃപ്തി അനുഭവിക്കുന്നത് എപ്പോഴാണ്?" അദ്ദേഹം പറഞ്ഞു: "അവന്റെ കാൽപാദം സ്വർഗത്തിൽ പ്രവേശിക്കുന്ന ആ നിമിഷം മുതൽ."

സഖേ, സത്യം പറഞ്ഞോട്ടെ, അത് കേട്ട രാത്രിയിൽ ഞാനുറങ്ങിയിട്ടേയില്ല.

'അവന്റെ കാൽപാദം സ്വർഗത്തിൽ പ്രവേശിക്കുന്ന ആ നിമിഷം മുതൽ' എന്ന വാചകം എന്റെ ഹൃദയത്തിൽ അലയടിച്ചു കൊണ്ടിരിക്കേ എനിക്കെങ്ങിനെ ഉറങ്ങാനാകും?!

ഒരിക്കൽ കൂടി ഞാനെന്നിലേക്കു തന്നെ തിരിച്ചു. കണ്ണാടിക്കു മുന്നിൽ നിന്നുകൊണ്ട് ഞാൻ പലവുരു എന്റെ മനസ്സിനോട് ചോദിച്ചു:

സത്യം പറയൂ, സൗഭാഗ്യത്തിന്റെ അനുഭൂതികൾ യഥാർത്ഥത്തിൽ നീ അനുഭവിക്കുന്നുണ്ടോ?

മറുപടിയില്ലായിരുന്നു...

ഞാനുടുത്തുമാറ്റുന്ന വിലപിടിപ്പുള്ള വസ്ത്രങ്ങളെത്രയാണ്...

ഞാനുപയോഗിച്ചുകൊണ്ടിരിക്കുന്ന അത്യാധുനിക ഗൃഹോപകരണങ്ങളെന്തൊക്കെയാണ്...

എനിക്കെന്നും സാമീപ്യമരുളുന്ന എന്റെ പ്രിയതമൻ...

സഖേ, ക്ഷമിക്കണം. ഞാനൊന്നു ചോദിച്ചോട്ടെ:

എന്നെ മദിക്കുന്ന ഈ സത്യം എത്രനാൾ ഞാനെന്നിൽ തന്നെ കാത്തുസൂക്ഷിക്കും?

ഞാൻ പറയാനിരിക്കുന്ന വാക്കുകൾ താങ്കളെ അലോസരപ്പെടുത്തുമെന്നെനിക്കറിയാം.

പക്ഷെ, പറയാതിരിക്കാൻ വയ്യ സഖേ!

എനിക്കു വേണ്ടി താങ്കൾ വെച്ചു നീട്ടിയ ജീവിതത്തിന്റെ സകലതും മുന്നിൽ വെച്ചു തന്നെ പറഞ്ഞോട്ടെ;

ഇല്ല, അവയൊന്നും തന്നെ എന്റെ ജീവിതത്തിൽ സൗഭാഗ്യത്തിന്റെ അനുഭൂതി പകർന്നു തന്നിട്ടില്ല!

നന്ദികെട്ടവൾ എന്ന് പറഞ്ഞു ശപിക്കരുത്.

എനിക്കു താങ്കളിൽ നിന്ന് കിട്ടിയ എല്ലാ നന്മകളേയും ഞാൻ നന്ദിയോടെ ഓർക്കുന്നു.

പക്ഷെ, അവയിലെ ഒന്നിൽ നിന്നു പോലും സൗഭാഗ്യത്തിന്റെ നനവനുഭവിക്കാൻ എനിക്കായിട്ടില്ല എന്നതാണ് നേര്.

ഞാനിന്നനുഭവിക്കുന്ന ആടയാഭരണങ്ങളോ, ഗൃഹോപകരണങ്ങളൊ ഒന്നുമല്ല സൗഭാഗ്യമെന്നും, അവയൊന്നുമല്ല മനസ്സിനു ശാന്തിയേകുന്ന വിഭവങ്ങളെന്നും ഞാനിന്നു മനസ്സിലാക്കുന്നു.

എല്ലാം എനിക്കുണ്ടായിരിക്കുമ്പോഴും സഖേ, ഞാൻ ദരിദ്രയാണ്... അതെ... തീർത്തും ദരിദ്ര!

ഏതുതരം ദരിദ്രയാണ് ഞാനെന്ന് താങ്കൾക്കറിയണോ?
മതിയായ ഈമാനില്ലാത്ത, ഖുർആനിന്റെ സാന്നിധ്യമില്ലാത്ത, ഭക്തിയുടെ, വിനയത്തിന്റെ സമൃദ്ധിയില്ലാത്ത, പടച്ചതമ്പുരാന്റെ നിരന്തര നിരീക്ഷണത്തെ ഭയപ്പെടുന്ന ദിനങ്ങളും നിമിഷങ്ങളുമില്ലാത്ത ദരിദ്ര!
വിലയേറിയ, കൊതിയൂറുന്ന ഭക്ഷണവിഭവങ്ങൾ എത്രയോ താങ്കളെനിക്ക് കൊണ്ടുതന്നു...
ഭംഗിയാർന്ന ഉടയാടകളും ആഭരണങ്ങളും ചോദിക്കും മുമ്പേ താങ്കളെനിക്ക് വാങ്ങിത്തന്നു...
എത്രയെത്രയാണ് താങ്കളെനിക്ക് സമ്മാനമായി നൽകിയ സ്നേഹോപഹാരങ്ങൾ...
പക്ഷെ, ആത്മാവിന് ഈമാനികാവേശം പകരുന്ന വല്ലതും... ഒരു ലേഖനം... ഒരു പുസ്തകം... ഒരു പ്രഭാഷണം...
നാളിതുവരെ താങ്കളെനിക്കു നൽകിയ സ്നേഹോപഹാരങ്ങളിലുണ്ടോ?
എന്റെ സൗന്ദര്യത്തിന് മാറ്റേകുന്ന വസ്ത്രങ്ങൾ താങ്കൾ വാങ്ങിത്തന്നത് നേരാണ്;
പക്ഷെ, എനിക്കാവശ്യമായ ഒരു വസ്ത്രമുണ്ടായിരുന്നു, അതു വാങ്ങിത്തരാൻ മാത്രം താങ്കൾ വിട്ടുപോയി!
ഏതാണാ വസ്ത്രമെന്നറിയുമോ താങ്കൾക്ക്? ഖുർആനിൽ നിന്ന് ഉദ്ധരിച്ചോട്ടെ ഞാൻ:
'ധർമനിഷ്ഠയാകുന്ന വസ്ത്രമാകട്ടെ അതാണു കൂടുതൽ ഉത്തമം' (അഅ്റാഫ്: 26).
സഖേ, എവിടെയുണ്ട് സൗഭാഗ്യം? എനിക്കു വേണമത്... ഇതാ എന്റെ ധനം മുഴുവനെടുത്തോളൂ... എന്റെ കരൾക്കഷ്ണങ്ങളേയും കൈവശം വെച്ചോളൂ... എന്റെ പേരിലുള്ള മുഴുവൻ ആസ്തികളും താങ്കളനുഭവിച്ചോളൂ... സഖേ, എനിക്ക് ഈമാനിന്റെ മാധുര്യവും ഹിദായത്തിന്റെ അനുഭൂതിയും അനുഭവിച്ചേ പറ്റൂ...
പടച്ചവന്റെ കൈകളിലേക്ക് പശ്ചാത്തപിച്ചു മടങ്ങിയ ഏതൊരു പെണ്ണും ആവോളമനുഭവിക്കുന്ന മധുരവും അനുഭൂതിയും...

2

# കാരുണ്യത്തിന് വിലയുണ്ട്

സഖേ, താങ്കൾ രോഗാതുരനായി കട്ടിലിൽ കിടന്ന നാളുകൾ ഇന്നും എന്റെ മനസ്സിലുണ്ട്.
ഊണും ഉറക്കവുമൊഴിച്ച് ഞാനാ നാളുകളിൽ അങ്ങേക്കരികിൽ സേവന നിരതയായിരുന്നു. അന്നെന്റെ മനസ്സെത്ര നൊമ്പരപ്പെട്ടു... എന്റെ കണ്ണുകളെത്ര കണ്ണുനീർ പൊഴിച്ചു...!
താങ്കളനുഭവിക്കുന്ന രോഗവും വേദനയും എനിക്കേറ്റെടുക്കാൻ സാധിച്ചിരുന്നെങ്കിൽ എന്ന് പോലും ഞാൻ ആശിച്ചിരുന്നു... സത്യമായും.
പക്ഷെ, ഞാനോർക്കുകയാണ്,
എഴുന്നേൽക്കാൻ കഴിയാത്തവിധം രോഗഗ്രസ്തയായി നീണ്ടനാളുകൾ ഞാൻ കട്ടിലിൽ തന്നെ ചെലവഴിച്ചപ്പോൾ
എന്റെ സമീപത്ത് നിൽക്കാൻ... ഒന്നു തലോടാൻ... സമാധാനത്തിന്റെ ഒരു വാക്കെങ്കിലും പകരാൻ താങ്കളുണ്ടായിരുന്നില്ല...
കൂട്ടിന് നിൽക്കുന്ന താങ്കളുടെ കുടുംബക്കാരോട് ‘ഞാൻ മടുത്തിരിക്കുന്നു’ എന്ന് താങ്കളാവലാതിപ്പെടുക പോലുമുണ്ടായി...!
ആയ്ക്കോട്ടെ, ശമനമില്ലാത്ത എന്റെ രോഗനാളുകൾ അധികരിക്കുന്നു എന്ന് കണ്ടപ്പോൾ നിങ്ങളെടുത്ത തീരുമാനമുണ്ടല്ലോ, അതെന്നെ തീർത്തും തളർത്തിക്കളഞ്ഞു.
രോഗിണിയായയൊരു പെണ്ണിനെ ഇനിയും താങ്കൾക്ക് സഹിക്കാൻ കഴിയില്ലെന്നും, താങ്കളെന്നെ മൊഴിചൊല്ലാൻ തീരുമാനിച്ചിരിക്കുന്നുവെന്നും, മറ്റൊരു വിവാഹത്തിന് താങ്കൾ ആലോചിക്കുന്നുവെന്നും കേട്ടമാത്രയിൽ ഞാൻ...
എന്തു പറയാൻ...! ലാ ഇലാഹ ഇല്ലല്ലാഹ്...!!!
നീണ്ട കാലത്തെ ദാമ്പത്യജീവിതത്തിൽ താങ്കൾ വരച്ചു തന്ന സകല സുന്ദര സ്വപ്നങ്ങളും മോഹങ്ങളും ആ നിമിഷം തകർന്നടിയുകയായിരുന്നു.
പ്രിയ സഖേ, താങ്കളായിരുന്നു ദീർഘരോഗക്കട്ടിലിൽ അവശനായി

കിടന്നിരുന്നതെങ്കിൽ, ഈയുള്ളവൾ അപ്രകാരം ചിന്തിക്കുമായിരുന്നോ?
ഇല്ല, അതിനെനിക്കാവില്ല,
മറിച്ച്, രാപകലുകളിൽ കണ്ണിമ പോലും വെട്ടാതെ താങ്കൾക്കു ഞാൻ സേവനങ്ങളുമായി അരികിൽ നിലകൊള്ളുമായിരുന്നു. താങ്കളുടെ രോഗം മാറാൻ എന്റെ ആരോഗ്യം ആവശ്യമായിരുന്നെങ്കിൽ അതു പോലും ഞാൻ നിർലോഭം നൽകുമായിരുന്നു.
എന്തിനായിരുന്നു ഈ ക്രൂരത? കാരുണ്യത്തിന്റെ അവസാനത്തെ കണികയും വറ്റിയിരുന്നുവെന്നോ? 'കാരുണ്യം പകരാത്തവന്ന് പടച്ചവന്റെ കരുണക്കർഹതയില്ല', 'കാരുണ്യവാന്മാർക്കാണ് കരുണാവാരിധിയുടെ കാരുണ്യം', 'ഭൂമിയിലുള്ളവരോട് കരുണ കാട്ടുക, ആകാശത്തുള്ളവൻ കരുണ ചൊരിയുന്നതാണ്' തുടങ്ങിയ പ്രവാചകമൊഴികൾ താങ്കളിനിയും വായിച്ചിട്ടില്ലെന്നോ?

3

# കടപ്പാടുകൾ

പ്രിയനേ, താങ്കളിൽ നിന്നും നിത്യേന കേൾക്കാറുള്ള ചില പ്രയോഗങ്ങളുണ്ട്;
ഭാര്യക്ക് ഭർത്താവിനോട് പല കടപ്പാടുകളുണ്ട്,
ഞാനല്ലെ വീട് നോക്കുന്നത്,
ഞാനല്ലെ കുട്ടികളുടെ വിദ്യാഭ്യാസം ശ്രദ്ധിക്കുന്നത്,
ഞാനല്ലെ... ഞാനല്ലെ...
സത്യത്തിൽ എനിക്കുമില്ലെ കുറേ പറയാൻ?
ഭാര്യക്ക് കിട്ടേണ്ട ഒരുപാടവകാശങ്ങൾ ഭർത്താവിന്റെ കയ്യിലുമുണ്ടായിരിക്കേ, താങ്കൾക്കുമില്ലേ ഒരുപാട് കടപ്പാടുകൾ?
എന്റെ ബാധ്യതകളെടുത്ത് പറഞ്ഞ് ശഠിക്കുന്ന താങ്കളെന്തേ എന്നോടുള്ള ബാധ്യതകളെ ബോധപൂർവം മറക്കുന്നൂ?
അതെ, ദാമ്പത്യജീവിതത്തിൽ ബാധ്യതാ നിർവഹണം ഭാര്യക്കും ഭർത്താവിനുമുണ്ട്. ഓരോരുത്തരും അവരുടെ ധർമങ്ങളനുസരിച്ച് പ്രവർത്തിക്കേണ്ടതുമുണ്ട്.
എന്തേ, നമുക്കന്യോന്യം കടപ്പാടുകളറിഞ്ഞ് നിർവഹിച്ചു കൂടായിരുന്നോ... കഴിയുന്നത്ര..?
പക്ഷെ, താങ്കളെന്നും എന്റെ ബാധ്യതകളെപ്പറ്റി മാത്രം ആവലാതി പറയുന്നു...!
സാരമില്ല, ഇതാ പേനയും കടലാസും...
താങ്കൾക്ക് സന്തോഷം പകരുന്ന എന്തെന്തെല്ലാം കാര്യങ്ങളാണ് ഈയുള്ളവൾ താങ്കൾക്കായി ചെയ്തു തീർക്കേണ്ടത്?
ഓരോന്നോരോന്നായി എഴുതിയാലും. സത്യമായിട്ടും, താങ്കളുടെ സന്തോഷമാണ് എന്റെയും സന്തോഷം. താങ്കളുടെ ഇഷ്ടം മുഴുവൻ കഴിയുന്നത്ര നിർവഹിക്കാൻ തീർച്ചയായും ഞാൻ ശ്രമിക്കുന്നതാണ്.
പക്ഷെ, താങ്കളെഴുതിത്തീർന്നാൽ ആ കടലാസിന്റെ ബാക്കി ഭാഗത്ത് ഈ ഞാനും ചിലത് കുത്തിക്കുറിക്കും... എന്റെ

പ്രിയതമനിൽ നിന്നും എനിക്ക് നിവർത്തിച്ചു കിട്ടേണ്ട ആഗ്രഹങ്ങൾ അക്കമിട്ട് എഴുതി നൽകും.
എന്നോട് ക്ഷമിച്ചാലും, ഒരുക്കമാണോ അതിന്?

4

# ഉത്തമ മാതൃക

സഖേ, ഒരു കുടുംബനാഥനാണ് താങ്കൾ.
താങ്കളുടെ ഓരോ വാക്കും നോക്കും പ്രവൃത്തിയും
നോക്കിക്കാണുന്ന ഞങ്ങളെ
അവയോരോന്നും സ്വാധീനിക്കുമെന്നതിൽ സംശയമില്ല,
താങ്കളിൽ നിന്ന് സുന്ദരമായൊരു ജീവിത മാതൃക കാണാൻ
ഞങ്ങൾക്കായെങ്കിൽ
എന്ന് കൊതിച്ചു പോവുകയാണ് ഞാൻ!
അയൽവീട്ടിലെ ആളുകൾ
അല്ലാഹുവിന്റെ കരുണാർദ്രമായ വിജയവും തേടി
പള്ളികളിലേക്ക് നടന്നു പോകുമ്പോൾ ഈ വീട്ടിൽ താങ്കൾ
ചടഞ്ഞു കൂടിയിരിക്കുകയാണ്!
താങ്കളെക്കണ്ടു വളരുന്ന മക്കൾ നമസ്കാരത്തിന്റെ കാര്യത്തിൽ
കൃത്യനിഷ്ഠകാണിക്കുമെന്ന്
താങ്കൾ കരുതുന്നുവോ?
ഇല്ല, നിങ്ങളെക്കണ്ടു വളരുന്ന
മക്കൾക്കതിനാകില്ല.
ഈമാനിന്റെ നല്ല വിത്തുകൾ എന്റെ ഹൃദയത്തിൽ അത് നട്ടു
വളർത്തുമായിരുന്നു.
ആകയാൽ പ്രിയനേ, എനിക്കും മക്കൾക്കും അനുധാവനം
ചെയ്യാവുന്ന ഒരു ഉത്തമ മാതൃകയാകാൻ താങ്കൾ ഇനിയെങ്കിലും
ശ്രമിക്കുക;
താങ്കളിൽ നിന്നുൾക്കൊള്ളാൻ നന്മകളേതുമില്ലെങ്കിൽ പിന്നെ,
ആരിൽ നിന്നാണ് ഞങ്ങൾക്കവ ഉൾക്കൊള്ളാനാവുക?
ഇല്ലേ,
ഈയുള്ളവളുടെ ഉപദേശത്തിന് ചെവിക്കൊടുക്കില്ലേ?

5

# ഒന്നിച്ചിരുന്നൊരു ചർച്ച

പ്രിയനേ, എന്റെ മതനിഷ്ഠയിൽ താങ്കളുടെ കൂടി ശ്രദ്ധയുണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ കൊതിച്ചു പോവുകയാണ്.
ഒരു വാക്കുകൊണ്ടെങ്കിലും എന്തേ താങ്കളെന്നെയൊന്ന് ഉപദേശിക്കുന്നില്ല?
ഈമാനിക കാര്യങ്ങൾ സംസാരിച്ചു കൊണ്ട് അല്പ സമയമെങ്കിലും എന്തേ എന്നോടൊപ്പം ചെലവഴിക്കുന്നില്ല?
എങ്കിൽ, അല്ലാഹുവിന്റെ മാലാഖമാർ നമ്മെ വലയം ചെയ്യുന്ന, അല്ലാഹു തന്നെയും തന്റെ സമീപസ്ഥരോട് നമ്മെപ്പറ്റി മഹത്വം പറയുന്ന ഒരു ദിക്റ് സദസ്സിന്റെ ആത്മീയാനുഭൂതി എനിക്കനുഭവിക്കാൻ കഴിയുമായിരുന്നു!
പ്രിയനേ, ഞാനെത്രകണ്ട് ആശിച്ചിരുന്നെന്നോ;
എന്നെങ്കിലുമൊരുദിനം താങ്കൾ പുഞ്ചിരി തൂകി വരുന്നതും
എന്നേയും മക്കളേയും അരികിൽ വിളിച്ചിരുത്തി പ്രവാചക തിരുമേനിയുടെ ജീവിതത്തിന്റെ ഏതെങ്കിലുമൊരേട് പറഞ്ഞുതരുന്നതും
ആ മഹിതചരിതത്തിലടങ്ങിയിരിക്കുന്ന ഗുണപാഠങ്ങളും മാതൃകകളും എടുത്തുപദേശിക്കുന്നതും
അല്ലെങ്കിൽ, ഇസ്‌ലാമികപാഠങ്ങളിൽ നിന്നെന്തെങ്കിലും ഞങ്ങൾക്കു അറിവു തരുന്നതും ഒക്കെയൊക്കെ...
'പെണ്ണേ, അതിനുമാത്രമുള്ള മതപരമായ അറിവൊന്നും എനിക്കില്ല' എന്നൊരു പക്ഷെ, താങ്കളെന്നോട് പറയുമായിരിക്കും...
ഞാൻ പറഞ്ഞോട്ടെ; അങ്ങനെയെങ്കിൽ വേണ്ട, ഞങ്ങളെക്കൂട്ടി താങ്കൾക്ക് ഒരുമിച്ചൊന്നിരുന്നുകൂടെ? നമ്മുടെ മക്കളിലെ ഒരാൾ ഖുർആനോതുന്നു... നമ്മളത് കേൾക്കുന്നു.
വേറൊരു മോൻ ഇസ്‌ലാമിക പാഠങ്ങൾ വായിക്കുന്നു...
നമ്മളതിനെപ്പറ്റി ചർച്ച ചെയ്യുന്നു..

അങ്ങനെയങ്ങനെ...
പ്രിയനേ, താങ്കളെന്നെ തെറ്റുധരിക്കരുത്,
താങ്കളെക്കുറിച്ചുള്ള ഞങ്ങളുടെ വീക്ഷണം അത്ര ലഘുവല്ലെന്നറിയുക. താങ്കളാണ് ഞങ്ങളുടെ സന്തോഷ സൗഭാഗ്യങ്ങളുടെ കേന്ദ്രം, സത്യമായും.

# 6

# അണിഞ്ഞൊരുങ്ങുക

പ്രിയനേ,
താങ്കൾ ഭംഗിയാർന്ന, വൃത്തിയുള്ള, സുഗന്ധം പൊഴിയുന്ന വസ്ത്രങ്ങളണിഞ്ഞ് നടക്കുന്നത് കാണാനാണ് എനിക്കിഷ്ടം. ചന്തമാർന്ന ആ രൂപം കാണുമ്പോൾ എന്നിലലയടിക്കുന്ന സന്തോഷം എത്രയാണെന്നോ...
പക്ഷെ, എന്തുചെയ്യാം.. ശാരീരിക വൃത്തി പരിഗണിക്കാതെയും ഭംഗിയായ വസ്ത്രധാരണം നടത്താതെയും അലസമായിട്ടാണല്ലോ ഞങ്ങൾക്കിടയിലെ താങ്കളുടെ അധിക ദിനങ്ങളും..
അത് കാണുമ്പോൾ ഈയുള്ളവൾ എത്രമാത്രം മാനസികവ്യഥ അനുഭവിക്കുന്നുണ്ടെന്നോ!
'നീയെന്നും കുളിച്ചു, പൂചൂടി, നല്ല വേഷങ്ങളണിഞ്ഞ് പുഞ്ചിരിയോടെയാകണം എന്റെ അരികിലണയേണ്ടത്' എന്ന് എത്രയോ വട്ടം താങ്കളെന്നോട് മന്ത്രിച്ചിട്ടില്ലെ?
എന്റെ അരികിലെത്തുമ്പോൾ അങ്ങും അങ്ങനെയൊക്കെത്തന്നെ ആയിരിക്കണമെന്ന് പ്രിയനേ, എനിക്കും ആഗ്രഹിച്ചുകൂടേ?
രണ്ടു ദിവസം മുമ്പ് ഖുർആൻ പാരായണമധ്യേ എന്റെ കണ്ണിലുടക്കിയ ഒരു ആയത്ത് താങ്കളെ ഞാൻ വിനയപൂർവം ഓർമിപ്പിച്ചോട്ടെ:
"ബാധ്യതകൾ ഉള്ളതുപോലെത്തന്നെ അവർക്ക് (സ്ത്രീകൾക്ക്) ന്യായപ്രകാരം അവകാശങ്ങൾ കിട്ടേണ്ടതുമുണ്ട്." (ബഖറ: 228)
മഹാനായ ഇബ്നു അബ്ബാസ്﵁ പ്രസ്താവിച്ചത് വായിച്ചിട്ടുണ്ടോ താങ്കൾ?
വായിക്കുക:
"എന്റെ ഭാര്യ എന്റെ മുന്നിൽ അണിഞ്ഞൊരുങ്ങി നിൽക്കുന്നതു പോലെ അവളുടെ മുന്നിൽ ഈ ഞാനും അണിഞ്ഞൊരുങ്ങി നിൽക്കാൻ കൊതിക്കുന്നവനാണ്!"
മേലെ വായിച്ച ഖുർആനിക വചനവും ഇബ്നു അബ്ബാസിന്റെ

പ്രസ്താവനയും നിങ്ങളുടെ ജീവിതത്തെയും സ്വാധീനിക്കേണ്ടേ..
വേണം..
അടിപൊളി സ്റ്റാർസ്റ്റൈല് വേണമെന്നല്ല.. കുറച്ചൊക്കെ മാന്യമായ വേഷഭൂഷയും പെരുമാറ്റവും... അത്രയേ ഞാനാവശ്യപ്പെടുന്നുള്ളൂ.
നിങ്ങൾക്കറിയുമോ.. ദുനിയാവിൽ തന്റെ ഭർത്താവിന്റെ വ്യക്തിത്വ മുഖമായിരിക്കണം മറ്റേതൊരാളുടേതിനേക്കാളും ചന്തമാർന്നത് എന്ന് കൊതിക്കുന്നവരാണ് ഭാര്യമാർ.
ഇത് വായിക്കുമ്പോൾ ഒരു പക്ഷെ, 'അതെയോ' എന്ന് താങ്കൾ അത്ഭുതം കൂറുന്നുണ്ടാകും.
ഞങ്ങൾ, പെണ്ണുങ്ങളുടെ മാനസിക വികാരം താങ്കളോട് പങ്കു വെച്ചു എന്ന് മാത്രം.
പ്രിയനേ, പറയാമോ എന്നറിയില്ല...
ചിലപ്പോഴൊക്കെ താങ്കളുടെ കാര്യത്തിൽ ഞാൻ അതിശയം കൂറാറുണ്ട്, എനിക്കരികിലാകുമ്പോൾ
വേഷഭൂഷാദികളിലൊന്നിലും താത്പര്യമില്ലാതെ അലസമായി കഴിയാറുള്ള താങ്കൾ, വല്ല സൽകാര പരിപാടികൾക്കോ, കല്യാണ സദസ്സുകളിലേക്കോ പോകുമ്പോൾ എന്ത് സ്റ്റൈലൻ ചേലിലാണ് താങ്കൾ വീട്ടിൽ നിന്നും ഇറങ്ങിപ്പുറപ്പെടാറ്!
അതു കാണുമ്പോൾ, ഞാനെന്റെ മനസ്സിൽ പറഞ്ഞു പോകാറുണ്ട്; 'എന്തേ എന്നെ മാത്രം ഇയാൾ പരിഗണിക്കാത്തത്?'

7

# ആത്മവിചിന്തനം

സ്നേഹസമ്പന്നനായ പ്രിയതമന്,
സുപ്രധാനമായ ഒരു വിഷയത്തെ സംബന്ധിച്ചാണ് ഈ എഴുത്ത്.
നിങ്ങൾക്കറിയാമല്ലോ, സ്വച്ഛമായ കുടുംബാന്തരീക്ഷത്തെ കലക്കുന്ന
ഒട്ടനവധി പ്രശ്നങ്ങൾ ഭാര്യാ ഭർത്താക്കൾക്കിടയിൽ ഉണ്ടാവുക
സ്വാഭാവികമാണ്. അഭിപ്രായ വ്യത്യസങ്ങളും,
സ്വരച്ചേർച്ചയില്ലായ്മകളും, അനിഷ്ടങ്ങളും... അങ്ങനെ പലതും..
മുത്ത് റസൂലിന്റെ വീട് പോലും അതിൽ നിന്ന് ഒഴിവായിരുന്നില്ല!
നമുക്കിടയിലും എത്രയോ വട്ടം അത്തരം
സന്ദർഭങ്ങളുണ്ടായിരിക്കുന്നു..
എന്നെങ്കിലും.. എന്നെങ്കിലുമൊരു ദിവസം നമുക്കിടയിലുണ്ടാകുന്ന
പ്രശ്നങ്ങളുടെ കാരണത്തെപ്പറ്റി താങ്കൾ ചിന്തിച്ചു
നോക്കിയിട്ടുണ്ടോ?
ശരിയാണ്, ഞാനും അതിന്റെ ഒരു കാരണമാകാം എന്ന്
സമ്മതിക്കുന്നു.
മറ്റേതൊരാളിലുമെന്ന പോലെ എന്നിലും തെറ്റുകൾ സംഭവിക്കാം.
ഒന്നു പറഞ്ഞോട്ടെ; ഓരോ വ്യക്തിയും ചെയ്തുകൂട്ടുന്ന
പാപകർമങ്ങൾക്ക് സ്വന്തം വീട്ടിലെ കുടുംബ കലഹങ്ങളുമായി
ബന്ധമുണ്ടെന്ന് സാമൂഹ്യശാസ്ത്രജ്ഞൻമാർ അഭിപ്രായപ്പെട്ടിട്ടുണ്ടത്രെ!
നേരാണോ ആവോ?
ചിലപ്പോഴെങ്കിലും നമുക്കിടയിലുണ്ടാകുന്ന വഴക്കുകളിൽ എന്റെ
പങ്കിനെ ഞാൻ നിഷേധിക്കുന്നില്ല. പക്ഷെ, താങ്കളുടെ
ഭാഗത്തുനിന്നും ഉണ്ടാകുന്ന കാരണങ്ങളെപ്പറ്റിയും
ആലോചിക്കേണ്ടതല്ലേ?
സിനിമാ-സീരിയലുകളിൽ നിന്നും അങ്ങാടികളിൽ
നിന്നുമൊക്കെയുള്ള താങ്കളുടെ അനാവശ്യമായ അന്യസ്ത്രീ
ദർശനമായിരിക്കാം ഒരു പക്ഷെ, നമുക്കിടയിൽ
നാമറിയാതെയുണ്ടാകുന്ന കലഹങ്ങൾക്ക് ഹേതു.

അതിൽ അത്ഭുതത്തിന് വകയില്ല, അല്ലാഹു പറഞ്ഞില്ലേ:
"നിങ്ങൾക്ക് ഏതൊരു ആപത്ത് ബാധിച്ചിട്ടുണ്ടെങ്കിലും അത് നിങ്ങളുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായിട്ടുതന്നെയാണ്." (ശൂറ: 30)
"(നബിയേ,) പറയുക: അത് (ആ വിപത്ത്) നിങ്ങളുടെ പക്കൽ നിന്ന് തന്നെ ഉണ്ടായതാകുന്നു." (ആലു ഇംറാൻ: 165)
പ്രിയനേ, സാത്വികനായ ഒരു മുൻകാല പണ്ഡിതൻ പറഞ്ഞിട്ടുണ്ടത്രേ;
'ഞാൻ അല്ലാഹുവിനെ ലംഘിക്കുമ്പോഴെല്ലാം, അതിന്റെ പ്രതിഫലനം എന്റെ മൃഗത്തിന്റെ സ്വഭാവത്തിലും ഭാര്യയുടെ പെരുമാറ്റത്തിലും ഞാൻ കാണാറുണ്ട്!' എത്ര ഗൗരവപ്പെട്ട നിരീക്ഷണമാണിത്!!
താൻ ചെയ്യുന്ന തെറ്റിന്റെ പാർശ്വഫലങ്ങൾ തന്റെ കുടുംബത്തിലാണ് പ്രതിഫലിക്കുക എന്ന വീക്ഷണം പരിഗണിക്കേണ്ടതാണെന്ന് തോന്നുന്നു.
താങ്കളോർക്കുന്നുവോ, അന്നൊരു ദിവസം താങ്കൾ സുബഹ് നമസ്കരിക്കാതെ കിടന്നുറങ്ങിയതും, അത് പിന്നെ ദുഹറിനോട് ചേർത്ത് താങ്കൾ നമസ്കരിച്ചതും...?
അന്നു രാത്രിയിലാണ് യാതൊരു കാരണവുമില്ലാതെ താങ്കളെന്നോട് വഴിക്കിട്ടതും, ഒച്ചയിട്ട് ബഹളം വെച്ചതും..
ആ സമയം ഞാനാലോചിക്കുകയായിരുന്നു, ഈ ബഹളം വെക്കൽ താങ്കൾ സുബഹ് നമസ്കാരം നഷ്ടപ്പെടുത്തിയതിന്റെ ശിക്ഷയായിരിക്കാം.., ഒരു പക്ഷെ..!
പ്രിയനേ, ഞാനും നിങ്ങളും അല്ലാഹുവിനെ അനുസരിക്കുന്നതിൽ സൂക്ഷ്മത കാണിച്ച് ജീവിക്കുമ്പോഴെല്ലാം അതിന്റെ ഗുണം നാം അനുഭവിക്കാറുണ്ട്.
ഇതെന്റെ നിരീക്ഷണമാണ്,
അപ്പോഴൊക്കെ, എന്തെന്നില്ലാത്ത ശാന്തിയും സമാധാനവും കുടുംബാന്തരീക്ഷത്തിൽ കളിയാടുന്നത് തീർച്ചയായും എനിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്!
അതെ, പടച്ചവനുമായി സാമീപ്യത്തിന് ശ്രമിക്കുന്ന ആളുകൾ നിവസിക്കുന്ന വീടാണ് യഥാർഥത്തിൽ സൗഭാഗ്യം കളിയാടുന്ന വീട്.
അതിനാൽ, പ്രിയനേ,
നമുക്കിടയിലുണ്ടാകുന്ന ഓരോ കലഹത്തിനു ശേഷവും ഒരു ആത്മവിചാരണ ചെയ്യുക:
'അല്ലാഹുവിനോട് മാപ്പ് ചോദിക്കേണ്ടതായ വല്ല പാപവും ഞാൻ ചെയ്തിട്ടുണ്ടാകുമോ?'

8

# നമുക്കാരുണ്ട് പിന്നെ?

പ്രിയനേ,
നമുക്കിടയിൽ അപകടകരമായ ഒരു സീനുണ്ടാകാൻ ഇടവരുത്തരുത്,
ഞാനുമൊരു മനുഷ്യനല്ലെ, ഏതു നിമിഷവും എന്നിൽ
അപാകതകളുണ്ടാകാം...
അത് കാണുന്ന മാത്രയിൽ ഇത്രമാത്രം
കോപാകുലനാകുന്നതെന്തിന്?
ദയവു ചെയ്ത് കോപം അടക്കാൻ ശ്രമിക്കുക, ക്ഷമിക്കുക...
കോപാകുലന്റെ മുഖം എന്ത് വികൃതമാണെന്നോ?!
ദേഷ്യം വന്നു കഴിഞ്ഞാൽ താങ്കൾക്ക് സ്വയം നിയന്ത്രിക്കാൻ സാധിക്കാറില്ല.
ആ കലുഷിത നിമിഷത്തിൽ താങ്കൾ എന്തൊക്കെയാണ് വിളിച്ചു പറയുന്നതെന്നോ?!
നിങ്ങൾ ക്ഷമിക്കാൻ ശീലിച്ചേ പറ്റൂ..
അല്ലെങ്കിൽ ശാന്തിയും സമാധാനവും താളംതല്ലിയൊഴുകുന്ന നമ്മുടെ കുടുംബാന്തരീക്ഷം കലങ്ങിമറിയും..
അതിന്,
കോപം കൊണ്ട് വിറകൊള്ളുന്ന സമയത്ത് താങ്കളൊരു ബോംബു പൊട്ടിച്ചാൽ മാത്രം മതി: “നശിച്ചവൾ, ഞാൻ നിന്നെ
മൊഴിചൊല്ലിയിരിക്കുന്നു!” എന്ന്.
കോപാകുലൻ ചൊല്ലുന്ന ത്വലാഖ് സാധുവാണോ അസാധുവാണോ
എന്നൊന്നും എനിക്കറിഞ്ഞു കൂടാ.
പക്ഷെ, അത് നമ്മുടെ ജീവിതത്തിൽ ഉണ്ടാക്കിയേക്കാവുന്ന
അപരിഹാര്യമായ അപകടങ്ങളെപ്പറ്റി എനിക്ക് ഊഹിക്കാനാകും..
സന്തോഷം പൂവിട്ടു നിൽക്കുന്ന,
സൗഭാഗ്യത്തിന്റെ സൗരഭം വീശുന്ന
സ്നേഹത്തിന്റെ, കാരുണ്യത്തിന്റെ ദിനങ്ങളിലൂടെ നാം കടന്നു നീങ്ങുന്ന,
നമ്മുടെ മക്കൾ ജനിച്ചു വളർന്ന,

അവർ പിച്ചവെച്ചു നടന്ന,
അവരുടെ കിളിക്കൊഞ്ചലുകൾകൊണ്ട് നിറഞ്ഞ,
നമ്മുടെ വീടുണ്ടല്ലോ, അത് തകർന്ന് ശ്മശാനമൂകമാകും...
ഒരു ദുർബല നിമിഷത്തിൽ താങ്കളെന്നെ മൊഴിചൊല്ലിയതായി
വെറുതെയൊന്ന് സങ്കൽപിച്ചു നോക്കൂ,
നമുക്കിരുവർക്കും സ്വന്തമായിരുന്ന മക്കൾ നമുക്കാർക്കുമില്ലാതെ നഷ്ടപ്പെടും.
നമ്മുടെ രണ്ടു കുടുംബങ്ങളും ബന്ധം തകർന്ന് വഴിപിരിയും,
നിരാലംബയാകുന്ന ഞാൻ അടക്കാനാകാത്ത ദുഃഖം കടിച്ചമർത്തി
എന്റെ പിതാവിന്റെ വീട്ടിലേക്ക് തിരിച്ചു ചെല്ലും...
ഹൃദയം നുറുക്കുന്ന വേദനകളുമായി, ജനലിനരികിലിരുന്ന്
ആകാശത്തിലെ ചന്ദ്രമുഖം നോക്കി ഞാൻ നെടുവീർപ്പിടും.
ആനന്ദം ചിറകുവിരിച്ചാടിയ നമ്മുടെ വിവാഹദിനങ്ങളും,
ഒപ്പം ചേർന്നു നടന്നു നീങ്ങിയ വഴിയോരങ്ങളും,
കടൽക്കരയിലിരുന്ന് നെയ്തുകൂട്ടിയ സ്വപ്നങ്ങളും,
കിന്നാരങ്ങളും, പൊന്നാരങ്ങളുമൊക്കെ
ഒരുപക്ഷേ എന്റെ മനോമുകുരത്തിൽ തത്തിനിന്നേക്കും..
എന്തുകാര്യം?
ഹൃദയത്തിലലയടിക്കുന്ന ദുഃഖത്തിരകൾ ഒരു നിമിഷം കൊണ്ട് അവ മുഴുവനും തുടച്ചു നീക്കിയേക്കും...!
വളർന്നു വലുതാകുന്ന നമ്മുടെ ആൺമക്കളെയൊന്നോർത്തു നോക്കൂ...
ഒരാളുടേയും നിയന്ത്രണമില്ലാതെ,
വൃത്തികെട്ട കൂട്ടുകാരുമായി ചങ്ങാത്തവും
ലക്ഷ്യമില്ലാത്ത ജീവിതവും
പരിധിവിട്ട ലഹരിയുപയോഗവുമായി അവർ വളർന്നുവന്നാൽ...!
നമ്മുടെ അരുമ മോൾ...
അവളുടെ കുഞ്ഞിക്കാലു കണ്ട ആ നാളുകളിൽ നാമനുഭവിച്ച ആനന്ദത്തിന് അതിരുണ്ടോ?
അവൾ, നമ്മുടെ പുന്നാരമോൾ..
കൂട്ടുകാരികളോടൊപ്പം, അല്ല, കൂട്ടുകാരന്മാർക്കൊപ്പം
അങ്ങാടികളിലൂടെ, കടലോരങ്ങളിലൂടെ
അലഞ്ഞുനടക്കാനിടവന്നാൽ..
പിന്നെയെല്ലാം തകർന്നു.. വെറുമൊരു ത്വലാഖു കൊണ്ട്.. പറയൂ, നമുക്കാരുണ്ട് പിന്നെ?? ആരുണ്ട്??

# 9

## ശാസിച്ചോളൂ, പക്ഷേ...

പ്രിയപ്പെട്ടവനേ,
കുടുംബജീവിതത്തിലെ അഭിപ്രായാന്തരങ്ങളും
ദാമ്പത്യജീവിതത്തിൽ കറുത്ത പുള്ളികൾ വീഴ്ത്തിയേക്കാവുന്ന
പ്രശ്നങ്ങളും നേരിടാൻ പ്രത്യേകം രീതിശാസ്ത്രം തന്നെയുണ്ട്.
അക്കാര്യത്തിൽ എന്റേതായ ഒരു വീക്ഷണം പറയാൻ
അനുവദിച്ചാലും...
വിജയകരമായ ചർച്ചക്കു മാത്രമേ വീക്ഷണ വ്യത്യാസങ്ങളെ
ഉൾക്കൊള്ളാനുള്ള അവസരം സൃഷ്ടിക്കാനാകൂ.
നമുക്കിടയിലുണ്ടാകുന്ന പ്രശ്നങ്ങളെ പ്രതി നാമെത്രയോ വട്ടം
മാന്യമായ ചർച്ചകളിലേർപ്പെട്ടിട്ടുണ്ട് എന്നത് ശരിയാണ്...
പക്ഷെ, മിക്ക ചർച്ചകളും വിജയത്തിൽ കലാശിച്ചിരുന്നില്ല
എന്നതല്ലേ നേര്?
കാരണമുണ്ട്; താങ്കൾ ഓഫീസിൽ നിന്നും പരിക്ഷീണനായെത്തുന്ന
സന്ദർഭങ്ങളിലായിരുന്നു നമ്മുടെ അധിക ചർച്ചകളും
നടന്നിരുന്നത്...
തുറന്നു പറച്ചിലുകൾക്ക് പറ്റിയ അവസരങ്ങളായിരുന്നില്ല അതൊന്നും.
ഒഴിഞ്ഞിരുന്ന് സംസാരിക്കാനുള്ള അവസരങ്ങൾ താങ്കൾ തന്നെ
ഉണ്ടാക്കണമായിരുന്നു...
മറ്റൊന്നു കൂടി പറഞ്ഞോട്ടെ, കാര്യം വളരെ ഗൗരവമുള്ളതാണ്...
എന്നിലെ കുറ്റങ്ങളും കുറവുകളും കാണുമ്പോൾ താങ്കൾക്കൊരു
ശീലമുണ്ട്; നമ്മുടെ മക്കൾക്കു മുന്നിൽ വെച്ചു കൊണ്ടായിരിക്കും
നിങ്ങളുടെ ശാസന!
ശരിയാണോ അത്?
അരുതാത്തത് വല്ലതും ശ്രദ്ധയിൽപെട്ടാൽ കുട്ടികൾ മുറിയിൽ
നിന്ന് പോകുന്നതുവരെയെങ്കിലും ക്ഷമിച്ചുകൂടെ?
അവർ പോയിക്കഴിഞ്ഞാൽ എന്നെ ശാസിക്കാനും
തിരുത്താനുമൊക്കെ താങ്കൾക്ക് പറ്റുമല്ലോ!

പ്രിയനേ, നിങ്ങളെ ചോദ്യം ചെയ്യാൻ വേണ്ടിയാണെന്ന് കരുതരുത്:
ദാമ്പത്യജീവിതത്തിലെ സമീപന മര്യാദകൾ വിശദീകരിക്കുന്ന വല്ല ഗ്രന്ഥവും, ഇതിന് മുമ്പ് എപ്പോഴെങ്കിലും താങ്കൾ വായിച്ചിട്ടുണ്ടോ?
വേണം പ്രിയനേ, വേണം. ഈ രംഗത്ത് പാലിക്കേണ്ടതായിട്ടുള്ള അറിവുകൾ
നമ്മൾ പഠിച്ചെടുത്തേ പറ്റൂ.
അതിനെങ്ങനെ... വീട്ടിലേക്ക് കയറിവരുന്ന നിങ്ങളുടെ കൈകളിലെപ്പോഴും സ്പോർട്സ് മാഗസിനുകളും സാമ്പത്തികശാസ്ത്ര മാസികകളുമല്ലേ കാണൂ.
സന്തുഷ്ടമായ കുടുംബ ജീവിതത്തിലേക്ക് വെളിച്ചം പകരുന്ന നിർദേശങ്ങളടങ്ങിയ ഒരു പുസ്തകം എന്നാണ് താങ്കളുടെ കൈകളിൽ കാണുക?!

10

# എന്തേ ഒന്ന് കിന്നരിച്ചാൽ?

എന്നോടൊപ്പം എന്റെ പ്രിയതമനുണ്ടാകുന്ന സന്ദർഭങ്ങളാണ് ജീവിതത്തിൽ എനിക്കേറെ ആനന്ദം പകരുന്ന മുഹൂർത്തങ്ങൾ.
പക്ഷെ, താങ്കൾ വീട്ടിലുണ്ടാകുന്ന വേളകളിലും ആ സന്ദർഭങ്ങൾ എനിക്ക് ഏറെ ലഭിക്കുന്നില്ല എന്നതാണ് വാസ്തവം.
ഓരോ ചെറിയ കാര്യവും എടുത്തു പറഞ്ഞ് താങ്കളെ ഞാൻ വേദനിപ്പിക്കുകയാണെന്ന് കരുതരുത്.
ന്യൂസ് പേപ്പറുകളിലും മാസികകളിലും കണ്ണു നട്ടിരിക്കുകയായിരിക്കും ചിലപ്പോൾ,
ഫുട്ബോൾ മത്സരം വീക്ഷിച്ചുകൊണ്ടിരിക്കുകയായിരിക്കും മറ്റു ചിലപ്പോൾ.
ചാനലുകൾ മാറിമാറി ആസ്വദിക്കുകയായിരിക്കും വേറെ ചിലപ്പോൾ.
അതൊന്നുമല്ലെങ്കിൽ കമ്പ്യൂട്ടർ തുറന്നു വെച്ച് ഇന്റർനെറ്റിൽ പരതുകയായിരിക്കും...
പ്രിയനേ, ശാന്തിയും സൗഭാഗ്യവും നിറഞ്ഞു നിൽക്കേണ്ട കേന്ദ്രമാണ് നമ്മുടെ ഭവനം...
ആ വീട്ടിലേക്ക് താങ്കൾ കയറി വരുമ്പോൾ എനിക്കുണ്ടാകുന്ന സന്തോഷം എത്രയാണെന്നോ! പറഞ്ഞറിയിക്കാനാകില്ല...
പക്ഷെ, സ്നേഹമസൃണമായൊരു വാക്ക് പറയാൻ,
ചന്തമാർന്ന ആ കണ്ണുകളാൽ സ്നേഹത്തിന്റെ നോട്ടമെറിയാൻ,
ആത്മാർഥമായ ഒരു പുഞ്ചിരി നൽകാൻ,
നിങ്ങൾക്കെന്തേ കഴിയാത്തത്!!
എന്റെ സാന്നിധ്യമറിയാനും
എന്നെ പരിഗണിക്കാനും
എന്നോടൊരൽപം കിന്നരിക്കാനും എന്തേ നിങ്ങൾക്ക് സമയം ലഭിക്കാത്തത്!!
അന്യരോട് എത്ര മാന്യവും മൃദുലവുമായ പെരുമാറ്റമാണ്

താങ്കളുടേത്!
എന്നോടു മാത്രമെന്തേ ആ പെരുമാറ്റരീതിയില്ലാത്തത്!!
പ്രിയനേ,
ഞാൻ നിങ്ങളുടെ ഭാര്യയാണ്.
രാപകലുകളിൽ നാലുചുമരുകൾക്കുള്ളിലാണ് എന്റെ ജീവിതം.
എന്നോടൊപ്പം ചേർന്നിരിക്കാനും
സല്ലാപങ്ങളിലേർപെടാനും
വികാരങ്ങൾ കൈമാറാനും താങ്കൾക്കൊട്ടും താത്പര്യമില്ലെന്നോ?!
പറയൂ...
ശരിയാണ്... ഓഫീസിൽ താങ്കൾ മികച്ച ഒരു
ഉദ്യോഗസ്ഥനായിരിക്കാം, അല്ലെങ്കിൽ ഭരണ മേഖലയിൽ കഴിവുറ്റ ഒരു മേധാവി.
പക്ഷേ, കുടുംബചക്രം തിരിക്കുന്നതിൽ പ്രിയനേ,
താങ്കൾ തീർത്തും പരാജിതനാണ്... സത്യമായിട്ടും.

11

# പരിഭവമൊഴികൾ

'ലക്കും ലഗാനു'മില്ലാതെ എന്തൊക്കെയോ ഞാൻ പറഞ്ഞുവല്ലേ,
എന്റെ ഹൃദയത്തിലെ സ്നേഹവികാരങ്ങൾ അങ്ങുമായല്ലാതെ
മറ്റാരുമായി ഞാൻ തുറന്നു പങ്കുവെക്കും?
ക്ഷമിക്കണം, അൽപം ചില കാര്യങ്ങൾ കൂടി പറയാനുണ്ട്,
മടുപ്പില്ലല്ലോ?
സത്യത്തിൽ എനിക്ക് ആഹ്ലാദം നൽകുന്ന കാര്യങ്ങളിൽ പ്രധാനം
താങ്കളുടെ ആവശ്യങ്ങളറിഞ്ഞ് പ്രവർത്തിക്കുക എന്നതാണ്.
വിശിഷ്യാ താങ്കൾ ആദരപൂർവം ക്ഷണിച്ചു കൊണ്ടുവരുന്ന
അതിഥികളുള്ളപ്പോൾ...
താങ്കളുടെ എത്രയോ കൂട്ടുകാർക്ക് നാം ആതിഥ്യമരുളിയിരിക്കുന്നു.
താങ്കൾക്കുവേണ്ടി അവർക്ക് വിഭവങ്ങൾ വെച്ചൊരുക്കാൻ ഞാൻ ഒരിക്കലും
മടികാണിച്ചിട്ടില്ല..
എന്തിനാണിതൊക്കെ പറയുന്നത് എന്നല്ലേ?
കാരണമുണ്ട്,
ചില സന്ദർഭങ്ങളിലെങ്കിലും താങ്കളെന്റെ ആരോഗ്യസ്ഥിതി
പരിഗണിക്കാറില്ല എന്ന 'പരിഭവം' പറയാനാണ് ഞാനിങ്ങനെ
വളച്ചുകെട്ടി പറഞ്ഞത്!
ഞാൻ പരിക്ഷീണയായിരിക്കുന്ന സമയങ്ങളിൽ പോലും അത്
പരിഗണിക്കാതെ കൂട്ടുകാരേയും കൂട്ടി താങ്കളെത്താറില്ലെ?
അപ്പോൾ ക്ഷീണം മറന്ന് ഞാൻ അടുക്കളയിലധ്വാനിക്കണം!
വിശ്രമം വേണ്ടതായ എന്റെ പിര്യേഡുകളിൽ പോലും...
വിഭവങ്ങൾ വെച്ചൊരുക്കി കൂട്ടുകാരെ ഊട്ടണം എന്ന് വന്നാൽ...!
ഒരു പെണ്ണിനെ സംബന്ധിച്ചിടത്തോളം ആരോഗ്യകാര്യങ്ങളിൽ
കൂടുതൽ ശ്രദ്ധകൊടുക്കേണ്ട സന്ദർഭമാണവ,
താങ്കൾക്കുമറിയുന്നതല്ലേ അത്?
ഒരു മാസത്തിൽ വെറും ഏഴുദിനങ്ങൾ...
ആ ദിനങ്ങളിലെങ്കിലും എന്റെ ആരോഗ്യസ്ഥിതി താങ്കൾ

പരിഗണിച്ചേ പറ്റൂ..
പിന്നെ, ദിനേനയെത്തുന്ന അഥിതികളുടെ എണ്ണം കുറക്കാൻ ശ്രദ്ധിക്കുന്നതും നന്ന്,
താങ്കളോട് എതിർത്തു പറയുകയാണ് എന്ന് കരുതരുത്;
ഞാനും മനുഷ്യവർഗത്തിലെ ഒരംഗം തന്നെയാണ്, അടുക്കള ജോലിയുടെ അധ്വാനം കൂടുമ്പോൾ എനിക്കുമുണ്ടാകില്ലേ മടുപ്പും വെറുപ്പുമൊക്കെ?
അതിനാൽ, പ്രിയനേ, എന്നെയോർത്ത് അൽപം അഥിതി സത്കാരങ്ങൾ കുറക്കുക,
ഞാൻ നിങ്ങളുടെ പ്രിയപ്പെട്ട ഭാര്യയല്ലേ;
താങ്കളുടെ കൈവശമുള്ള ഏറ്റവും അമൂല്യമായ സമ്പാദ്യം!
പിന്നെ, എത്രയോവട്ടം താങ്കളോട് ചോദിക്കാനാഗ്രഹിച്ച ഒരു കാര്യമുണ്ട്. ചോദിച്ചോട്ടെ ഞാൻ?
മറ്റൊന്നുമല്ല, സ്വന്തം കൂട്ടുകാരോടൊപ്പം മണിക്കൂറുകളോളം സമയം ചെലവഴിക്കാനുള്ള താങ്കളുടെ ആവേശം ഞാൻ ഒരുപാട് ശ്രദ്ധിച്ചിട്ടുണ്ട്. നിങ്ങളൊരുമിച്ചിരുന്ന് സംസാരത്തിലേർപെടുന്നതും കണ്ടിട്ടുണ്ട്.
അല്ല, എന്തിനുവേണ്ടിയാണ് നിങ്ങളുടെ ഒരുമിച്ചു കൂടലുകൾ?
അല്ലാഹുവിനും അവന്റെ ദൂതനും ഇഷ്ടപ്പെടുന്ന കാര്യങ്ങൾക്കുവേണ്ടിയാണോ നിങ്ങളുടെ ഒത്തുചേരലുകൾ?
അതോ, പടച്ചവന്റെ പവിത്രമായ പരിധികളെ ചവിട്ടിമെതിക്കുന്ന നിഷിദ്ധ കാര്യങ്ങൾക്കോ?!
പ്രിയനേ, ഒരു മനുഷ്യനെ ഏറ്റവും കൂടുതൽ സ്വാധീനിക്കുക അവന്റെ കൂട്ടുകാരനാണെന്ന കാര്യം താങ്കൾക്കുമറിയാമല്ലോ.
ക്ഷമിക്കണം, നാൾക്കുനാൾ താങ്കളുടെ സ്വഭാവം താഴേക്കുതാഴേക്കു പോകുന്നതു കാണുമ്പോൾ ഞാനെന്തു കരുതണം?!
അല്ലാഹുവിന്റെ റസൂൽ പറഞ്ഞതാണു ശരി:
“ഏതൊരുവനും അവന്റെ കൂട്ടുകാരന്റെ ആദർശത്തിലായിരിക്കും.”
മാറാനാകുമോ താങ്കൾക്ക്?

12

# വേണോ ഈ ധൂർത്ത്?

ഇന്നെനിക്ക് ചെറിയൊരുപദേശമുണ്ട്!
താങ്കൾ പഠിക്കണം!
"എന്ത്, ഇനിയും പഠിക്കണമെന്നോ?!" എന്നൊന്നും ചോദിച്ച് കെറുവിക്കരുത്.
പണം ജീവിതത്തിന്റെ അനുപേക്ഷണീയതയാണെന്നും, ഇന്നത്തെ കാലത്ത് അതിന്റെ ആവശ്യകത ഏറെയാണെന്നും താങ്കൾ തിരിച്ചറിയണമെന്നേ ഞാനുദ്ദേശിച്ചുള്ളൂ.
എന്റെയും മക്കളുടെയും ആവശ്യങ്ങളെയും, കുടുംബത്തിലെ ദൈനംദിന ചെലവുകളെയും മുന്നിൽ വെച്ച് ഒരു സാമ്പത്തികാസൂത്രണം ഇക്കാലം വരെ താങ്കൾ നടത്തിയിട്ടുണ്ടോ?
ഒരു കുടുംബ ബജറ്റിനെപ്പറ്റി എന്നെങ്കിലും ഒരു ആലോചന..?
ജീവിതത്തിലെപ്പോഴെങ്കിലും യാദൃച്ഛികമായി ഒരു കെടുതി സംഭവിച്ചാൽ, അതിനെ നേരിടാൻ കഴിയുന്ന സാമ്പത്തിക സൂക്ഷ്മതയിലാണോ നമ്മളുള്ളത്?
മുൻപിൻ നോക്കാതെയുള്ള ധൂർത്തിലല്ലേ നാം കഴിഞ്ഞു കൂടുന്നത്?!
വസ്തുക്കളായും വസ്ത്രങ്ങളായും എന്തെല്ലാം സാധനസാമഗ്രികളാണ് ദിനേന നാം വാങ്ങിക്കൂട്ടുന്നത്...
ശരിയാണ്, അല്ലാഹുവാണിതെല്ലാം തരുന്നത്. നാമത് ഉപയോഗിക്കുകയും വേണം. പക്ഷേ, വേണോ ആഡംബരങ്ങൾക്കുവേണ്ടിയുള്ള ഈ അനാവശ്യച്ചെലവുകൾ?
'ധൂർത്തന്മാർ പിശാചിന്റെ സഹോദര'ങ്ങളാണെന്ന ഖുർആൻ ആയത്ത് താങ്കൾ വായിച്ചിട്ടില്ലേ?
"ഹലാലായ സമ്പാദ്യത്തിന് അല്ലാഹു കൽപിച്ചിട്ടുണ്ടല്ലോ? അനുവദനീയമായവയേ ഞാൻ അധ്വാനിച്ചുണ്ടാക്കുന്നുള്ളൂ. അവൻ തരുന്നതിൽ നിന്നല്ലേ നാം ചെലവാക്കുന്നത്?" എന്നീ ന്യായവാദങ്ങളുമായി വരരുത്.

ഹലാലായ നിലയിലുള്ള സമ്പാദ്യത്തിന് കൽപിച്ച അതേ അല്ലാഹു തന്നെ പാഴ്ചെലവുകളെ നിരോധിച്ചിട്ടുണ്ട്.
പ്രിയനേ, താങ്കൾ ഈ ആയത്തുകളൊന്നു വായിച്ചു നോക്കുക: "നീ ധനം ദുർവ്യയം ചെയ്ത് കളയരുത്. തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു. പിശാച് തന്റെ രക്ഷിതാവിനോട് ഏറെ നന്ദികെട്ടവനാകുന്നു." (ഇസ്റാഅ്:26, 27)
ആകയാൽ, നിങ്ങൾ അധ്വാനിച്ചുണ്ടാക്കുന്ന പണം എങ്ങനെ, ഏതു വഴിയിൽ ചെലവഴിക്കണം എന്നതു സംബന്ധിച്ച് താങ്കൾ ഗൗരവമായി ചിന്തിച്ചേ മതിയാകൂ...
ഫലവത്തായ കൂടിയാലോചനക്ക് ഈയുള്ളവളുടെ സേവനം എന്നോ റെഡിയാണ്.

13

# സത്യം! ഞാൻ ഖേദിച്ചിരിക്കുന്നു

ഇന്നൊരു രഹസ്യമാകട്ടെ, അടുത്ത കാലത്തെ സംഗതിയൊന്നുമല്ല കേട്ടോ!
വിവാഹം നടന്ന് താങ്കളോടൊപ്പം കഴിഞ്ഞ ആദ്യമാസങ്ങളിൽ എന്റെ മനസ്സുനിറയെ സ്നേഹവും ബഹുമാനവും അർപ്പണ ബോധവുമായിരുന്നു.
പക്ഷേ, ക്രമേണയാ വികാരങ്ങൾക്ക് എന്നിൽ കുറവു വരുന്നുവോ എന്നൊരു സംശയം!
പടച്ചവനേ, എന്താണിതിന് കാരണം? അതിനു തക്ക വല്ല പ്രവൃത്തിയും എന്നിൽ നിന്നും ഉണ്ടായിട്ടുണ്ടോ?
എന്റെ മനസ്സിൽ ഞാനീ ചോദ്യം എത്രയോ വട്ടം ആവർത്തിച്ചിട്ടുണ്ട്!
നാഥാ! എന്റെ നെഞ്ചിൽ കത്തിനിന്ന സ്നേഹവികാരങ്ങൾ എനിക്കു നീ തിരിച്ചു നൽകേണമേ എന്ന് ഹൃദയപൂർവം പ്രാർഥിച്ചിട്ടുണ്ട്!
പ്രിയനേ, താങ്കളിൽ ഏതുതരം പോരായ്മകളുണ്ടാകട്ടെ, എന്നിൽ താങ്കൾക്കൊരു സ്ഥാനമുണ്ട്. അവാച്യമായ സ്ഥാനം...
ജീവിതം മുഴുവൻ ഈയുള്ളവൾ താങ്കളെ സ്നേഹിക്കുന്നു... നിറയെ..
ജീവിതത്തിന്റെ ഒട്ടുമുക്കാലും സൗഭാഗ്യത്തിന്റെ തേരിലായിരുന്നു ഞാൻ.. താങ്കളോടൊപ്പം!
താങ്കളോടുള്ള ബാധ്യതാ നിർവഹണത്തിൽ എന്റെ ഭാഗത്തുനിന്നും ഏറെ വീഴ്ചകൾ വന്നിരിക്കാം എന്ന് തീർച്ചയായും ഞാൻ അംഗീകരിക്കുന്നു..
അതൊക്കെയും ഞാൻ ബോധപൂർവം താങ്കളോട് ചെയ്ത അനുസരണക്കേടുകളായി
ദയവു ചെയ്ത് വിചാരിക്കരുത്.
ഞാനെത്രവട്ടം ഖേദിച്ചിരിക്കുന്നു..
ഒറ്റക്കിരുന്ന് എത്രവട്ടം കണ്ണീർ പൊഴിച്ചിരിക്കുന്നു..
ചിലപ്പോഴെങ്കിലും, മനസ്സിലേക്ക് കയറി വരുന്ന താങ്കളോടുള്ള വെറുപ്പ്...

ക്ഷമിക്കണം, ഒന്നും കരുതിക്കൂട്ടിയല്ല, ഞാൻ
പാപസുരക്ഷയുള്ള സൃഷ്ടിയൊന്നുമല്ലല്ലോ...
അപാകതകൾ സംഭവിക്കാവുന്ന ഒരു പാവം പെണ്ണ്!
നമ്മുടെ പ്രവാചകൻ പറഞ്ഞില്ലേ;
"എല്ലാ ആദം സന്തതിയും തെറ്റു ചെയ്യും, തെറ്റു ചെയ്യുന്നവരിൽ
പശ്ചാത്തപിക്കുന്നവരാണ് ഉൽകൃഷ്ടർ."
ശരിയാണ്, താങ്കളെ ഭ്രാന്തുപിടിപ്പിച്ച, അലോസരപ്പെടുത്തിയ
എത്രയോ പെരുമാറ്റങ്ങൾ എന്നിൽ നിന്നുണ്ടായിട്ടുണ്ടാകണം.
പ്രിയനേ, അവയുടെ നേർക്കൊക്കെ ഗുണകാംക്ഷയോടെ
കണ്ണടച്ചാലും..
എന്റെ വീഴ്ചകളെ നന്മകൾ കൊണ്ട് നന്നാക്കിയാലും..
വിശ്വാസികളുടെ സമീപനമാണത്, അല്ലാഹു പറഞ്ഞില്ലേ;
"തിൻമയെ നൻമ കൊണ്ട് തടുക്കുകയും ചെയ്യുന്നവർ.
അത്തരക്കാർക്ക് അനുകൂലമത്രെ ലോകത്തിന്റെ പര്യവസാനം."
(റഅദ്: 22)

14

## വേണ്ടേ നമുക്കൊരു ജാഗ്രത?

പ്രിയനേ, താങ്കളിൽ നന്മകളുടെ ഒരു വൻ കടലുണ്ടെന്നറിയാം. എങ്കിലും, അതിലെ അല്പം ചില തിന്മകളുടെ നുരകളെ എനിക്ക് കാണാതിരുന്നുകൂടാ.
പറഞ്ഞോട്ടെ ഞാൻ?
താങ്കളുടെ സ്നേഹമയിയായ പ്രിയതമയിൽ നിന്നുള്ള ഒരു ഉപദേശമായി ഇതിനെ താങ്കൾ സ്വീകരിക്കുമെന്ന വിശ്വാസം എനിക്കുണ്ട്.
പരസ്പരോപദേശങ്ങൾ നമ്മുടെ ദീൻ പഠിപ്പിച്ച മര്യാദയായി ഞാൻ മനസ്സിലാക്കുന്നു.
'മതം സദുപദേശമാണ്' എന്ന നബി വചനം ഇവിടെ ഞാനോർക്കുകയാണ്.
'വിജയത്തിലേക്ക് വരിക' എന്ന ഫജ്ർ ബാങ്കിന്റെ നാദം അന്തരീക്ഷത്തിലലയടിക്കുമ്പോൾ മൂടിപ്പുതച്ചുറങ്ങുന്ന നിങ്ങളെ നോക്കി ഞാനെത്രയോ പ്രാവശ്യം വേദനിച്ചിട്ടുണ്ട്...
മസ്ജിദിൽ ജമാഅത്തു നടക്കുമ്പോഴും താങ്കളുറക്കത്തിലായിരിക്കും..
വടിയും കുത്തിപ്പിടിച്ച് പള്ളിയിലേക്ക് വേച്ചുവേച്ചു നടന്നു നീങ്ങുന്ന അടുത്ത വീട്ടിലെ വൃദ്ധനെ ജനലിനുള്ളിലൂടെ കാണുമ്പോൾ അറിയാതെ കണ്ണീർ തുള്ളികൾ അടർന്നു വീഴും..!
മറ്റൊന്നുകൊണ്ടുമല്ല, ആളുകൾ അല്ലാഹുവിന്റെ കാരുണ്യവും പാപമോചനവും തേടി പള്ളിയിലേക്ക് നടക്കുമ്പോൾ താങ്കൾ പുതപ്പുമൂടിയുറങ്ങി അല്ലാഹുവിന്റെ ശിക്ഷക്ക് വിധേയനാകുന്നല്ലോ എന്നോർത്താണത്!!!
പ്രിയനേ, എന്തുറക്കമാണിത്?
പടച്ചവനെ മറന്നുകൊണ്ടുള്ളൊരു ഉറക്കമോ?!
എന്നെ ഏറെ അത്ഭുതപ്പെടുത്തിയ കാര്യമതല്ല, ബാങ്കിന് ചെവികൊടുക്കാത്ത താങ്കൾ ടൈംപീസിന്റെ അലാറത്തിന് ചെവികൊടുക്കുന്നുവെന്നതാണ്!

ആ ശബ്ദം കേട്ടാൽ എത്ര പെട്ടെന്നാണ് താങ്കൾ ചാടിയെഴുന്നേൽക്കുന്നത്!
ജോലിക്ക് പോകാൻ സമയം വൈകിയോ എന്ന വെപ്രാളമാണ് താങ്കൾക്കപ്പോൾ.
സുബ്ഹാനല്ലാഹ്!
താങ്കളുടെ അല്ലാഹുവിലുള്ള ഈമാനെവിടെ?
അവനോടുള്ള താങ്കളുടെ മഹബ്ബത്തെവിടെ?
ഓഫീസിലെ അധികാരിയെ ഭയക്കുന്ന താങ്കൾക്ക് പ്രപഞ്ചത്തിന്റെ പരമാധികാരിയെ ഭയമില്ലെന്നോ?!
ജോലിക്ക് വൈകിയെത്തിയാലുള്ള പണിഷ്മെന്റിനെ ഭയക്കുന്ന താങ്കൾക്ക് നമസ്കാരത്തിൽ വീഴ്ച വരുത്തിയാലുണ്ടാകുന്ന ദൈവിക ശിക്ഷയെ ഭയമില്ലെന്നോ?!
നമസ്കാരത്തോട് വിമുഖത കാണിക്കുന്നവർക്ക് അല്ലാഹു നൽകിയിട്ടുള്ള താക്കീത് താങ്കൾ വായിക്കുന്നത് നന്നായിരിക്കും:
“എന്നിട്ട് അവർക്ക് (അല്ലാഹുവിനെ പേടിച്ചു കൊണ്ട് കരഞ്ഞ് സാഷ്ടാംഗം വീഴുന്നവർക്ക്) ശേഷം അവരുടെ സ്ഥാനത്ത് ഒരു പിൻതലമുറ വന്നു. അവർ നമസ്കാരം പാഴാക്കുകയും തന്നിഷ്ടങ്ങളെ പിന്തുടരുകയും ചെയ്തു. തൻമൂലം അവർ ‘ഗയ്യി’നെ കണ്ടെത്തുന്നതാണ്.” (മർയം: 59)
‘ഗയ്യ്’ എന്നാൽ എന്താണെന്നറിയുമോ താങ്കൾക്ക്?
കത്തിയാളുന്ന നരകത്തിലെ അഗ്നി നിറഞ്ഞ താഴ്വാരമാണത്!
(അല്ലാഹുവേ, ഞങ്ങളെ ആ നരകത്തിൽ നിന്നും നരകത്തിലെ താഴ്വാരങ്ങളിൽ നിന്നും കാത്തുരക്ഷിക്കേണമേ)
പ്രിയനേ, ഒരു ആയത്തു കൂടി കേൾക്കൂ;
“എന്നാൽ, തങ്ങളുടെ നമസ്കാരത്തെപ്പറ്റി ശ്രദ്ധയില്ലാത്തവരായ നമസ്കാരക്കാർക്കാകുന്നു നാശം.” (മാഊൻ: 4, 5)
എന്തു തോന്നുന്നു, വേണ്ടേ നമുക്കൊരു ജാഗ്രത?
നമസ്കരിക്കുന്ന കാര്യത്തിൽ ഇനിയെങ്കിലും താങ്കൾ കൃത്യനിഷ്ഠ കാണിക്കുക;
പരലോകത്ത് അല്ലാഹു ആദ്യമായി വിചാരണ ചെയ്യുന്നത് നമസ്കാരത്തെ സംബന്ധിച്ചായിരിക്കും എന്നറിയുമ്പോൾ പ്രത്യേകിച്ചും.

15

# പൊന്നേ,
# എന്താണിങ്ങനെ സംഭവിക്കാൻ?

നാവ്; എത്ര ചെറിയൊരവയവം!
ആശയക്കൈമാറ്റത്തിന് അല്ലാഹു നൽകിയ മഹത്തായ അനുഗ്രഹം!
അധിക പേരും അതിനെ അതിന്റെ ധർമ്മമറിഞ്ഞല്ല ഉപയോഗിക്കുന്നത്.
കോപിക്കരുത്, പല സന്ദർഭങ്ങളിലും താങ്കളും
അവരിലൊരാളായിത്തീരാറുണ്ട് എന്നതാണ് വാസ്തവം.
എന്നിൽ, നമ്മുടെ മക്കളിൽ, എന്തെങ്കിലുമൊരു കുറ്റം കണ്ടാൽ താങ്കൾ
ശാസിക്കാനുപയോഗിക്കുന്ന പദങ്ങളുടെ മൂർച്ച എത്ര
കഠിനമാണെന്നോ?
ഖൽബിൽ തറക്കുന്ന താങ്കളുടെ വാക്കുകളാൽ ഞങ്ങളെത്രമാത്രം
വേദനിച്ചിട്ടുണ്ടെന്നോ?
ആരിലുമെന്നപോലെ ഞങ്ങളിലും തെറ്റുകളും വീഴ്ചകളും
സ്വാഭാവികമാണ്.
അതിന്, വികാരങ്ങളെ മുറിപ്പെടുത്തും വിധമുള്ള ചീത്തവിളികളും,
ശാപമൊഴികളുമല്ല പരിഹാരം. ആണോ?
സത്യം പറയട്ടെ, നിസ്സാര കാര്യങ്ങളിൽ പോലും താങ്കൾ നടത്തുന്ന
അസഹ്യമായ ആക്ഷേപങ്ങൾ കേൾക്കുമ്പോൾ, അല്ലാഹുവാണ, എന്റെ
മനസ്സിൽ നിങ്ങളോടുണ്ടാകുന്ന വെറുപ്പെത്രയാണെന്നോ?
ഞങ്ങൾ ചെയ്ത തെറ്റുകളെ ശാസിച്ചു നന്നാക്കാൻ അവയേക്കാൾ
മോശമായ തെറ്റുകളിലേക്ക് താങ്കൾ ചെന്നു ചാടരുത്.
അൽപം ശാന്തതയോടെയും, ധാരണയോടെയും, കാര്യങ്ങളെ
സമീപിക്കാനാകണം.
കുറവുകൾ കാണുമ്പോൾ അതിന്റെ കാരണങ്ങളാരായാൻ
മനസ്സുകാണിക്കണം.
ഞാൻ വീട്ടുകാര്യങ്ങളിൽ വീഴ്ച വരുത്തുന്നതിന് പറയത്തക്ക
കാരണങ്ങളുണ്ടാകും; ബോധപൂർവമായിരിക്കില്ല.

വാക്കുകൾ കൊണ്ട് താങ്കളെന്നെ തകർത്തുകളഞ്ഞ ചില സന്ദർഭങ്ങളോർക്കുകയാണ്;
അന്നൊരുനാൾ, ഷർട്ടുകൾ കഴുകിയിടാൻ വൈകിപ്പോയതിന് ഞാൻ കേട്ട തെറിവിളികളെത്രയായിരുന്നു!
സത്യത്തിൽ അന്നതിന് കൃത്യമായ കാരണമുണ്ടായിരുന്നു.
നമ്മുടെ മകൻ ഗ്രൗണ്ടിൽ നിന്ന് കാലിൽ മുറിവുമായി വന്നപ്പോൾ അവന്റെ ശുശ്രൂഷകളിലായിരുന്നു ഞാൻ.
പക്ഷേ, അതൊന്നും കേൾക്കാനുള്ള സന്മനസ്സിലായിരുന്നില്ല താങ്കൾ;
താങ്കളന്ന് പറഞ്ഞുകൂട്ടിയതിന് വല്ല കയ്യും കണക്കുമുണ്ടോ!
ഇതൊന്നും എടുത്തു പറയേണ്ടവയല്ല എന്നെനിക്കറിയാം.
പക്ഷെ, എന്നെ മനസ്സിലാക്കാൻ ഇതൊക്കെ പറയുന്നത് നന്നായിരിക്കും എന്നതുകൊണ്ടു മാത്രമാണ്.
മറ്റൊരിക്കൽ, എന്റെ 'ഏഴുദിനാവധിക്കാല'ത്തിലായിരുന്നു ഞാൻ.
ഒരു പെണ്ണിനെ സംബന്ധിച്ചേടത്തോളം ആ ദിനങ്ങൾ നിർണായകമാണെന്നറിയാമല്ലോ?
സ്വഭാവത്തിലും പെരുമാറ്റത്തിലും എന്നല്ല, ഊർജസ്വലതയിൽ പോലും സാരമായ മാറ്റങ്ങൾ കാണും.
അന്നും പക്ഷെ, താങ്കൾ ഭ്രാന്താവസ്ഥയിലായിരുന്നു.
പ്രിയനേ, ഒന്ന് മനസ്സിലാക്കുക; താങ്കളെ ഞാൻ മാനിക്കുന്നു, താങ്കൾക്ക് സേവനം ചെയ്യേണ്ടതിന്റെ പ്രാധാന്യവും ഞാനറിയുന്നു.
എന്നിൽ നിന്നും നിങ്ങൾക്കനുഭവപ്പെടുന്ന കുറവുകളൊന്നും താങ്കളോടുള്ള ബാധ്യതകളെ അവഗണിക്കുന്നത് കൊണ്ടല്ല എന്ന് മനസ്സിലാക്കാൻ ഇനിയെങ്കിലും സന്മനസ്സുകാണിക്കുക.
മനസ്സിനെ കുത്തിപ്പരിക്കേൽപിക്കുന്ന വാക്കുകൾ പറുയും മുമ്പ്, പ്ലീസ്, എന്നോട് ഒന്നു ചോദിക്കുക:
'പൊന്നേ, എന്താണിങ്ങനെ സംഭവിക്കാൻ?'

16

# "സന്തോഷവാർത്തയുണ്ട്, മകൾ ഗർഭിണിയാണ് "

ഇതാ, ഇന്നൊരു കഥയാകട്ടെ,
ഉറങ്ങുന്നതിന് മുമ്പ് താങ്കളിത് വായിച്ചേ പറ്റൂ.
വായിച്ചു കഴിഞ്ഞാൽ താങ്കൾക്ക് ഉറങ്ങാനാകുമോ എന്നെനിക്കുറപ്പില്ല.
പ്രിയനേ,
ശാന്തിയിലും സമാധാനത്തിലും കഴിഞ്ഞുകൂടുന്ന ഒരു കൊച്ചു കുടുംബമായിരുന്നു അത്.
കുടുംബനാഥൻ നിത്യവൃത്തിക്കുവേണ്ടിയുള്ള അധ്വാനത്തിലാണ്, വിശ്രമമില്ലാത്ത അധ്വാനം.
രാവിലെ വീട്ടിൽ നിന്നിറങ്ങിയാൽ രാവേറെച്ചെന്നേ അയാൾ വീടണയാറുള്ളൂ.
തന്റെ അസാന്നിധ്യത്തിൽ ഭര്യയും മക്കളും ഒറ്റപ്പെട്ട് കഴിയകയാണെന്നും, ഒപ്പം ഒരു ഔട്ടിംഗിന് പോലും താനവർക്ക് അവസരമുണ്ടാക്കുന്നില്ലെന്നും അയാൾക്ക് നന്നായറിയാം.
അങ്ങനെയാണ് അവസാനം അയാൾ ആ തീരുമാനത്തിലെത്തിയത്; പിശാച് അയാളെ ഉപദേശിക്കുകയായിരുന്നു എന്ന് പറയുന്നതാകും ശരി.
തന്റെ ഭാര്യാസന്താനങ്ങളുടെ ഒറ്റപ്പെടലുകൾക്കും മടുപ്പിനും അൽപം ശാന്തി ലഭിച്ചോട്ടെ എന്നതായിരുന്നു അയാളുടെ ചിന്ത.
അങ്ങനെ, അദ്ദേഹം തന്റെ വീട്ടിൽ ആദ്യമായൊരു ഡിഷ് ഫിറ്റ് ചെയ്തു.
പരിശുദ്ധമായ ഒരു കുടുംബത്തിന്റെ ഭദ്രത തകർക്കുന്ന സാധനം!
പിന്നെ, ചാനലുകളുടെ തിരയിളക്കമായിരുന്നു അവിടെ!
ഒരു കാഴ്ചയിൽ നിന്നും മറ്റൊരു കാഴ്ചയിലേക്കുള്ള പരക്കം പായലിൽ ആ നിഷ്കളങ്ക കുടുംബത്തിന്റെ ശരീരമാസകലം വിഷം പുരണ്ട് മലീമസമായി.

സിനിമകളും സീരിയലുകളും ഫോൺ ഇൻ പരിപാടികളും ജീവിതത്തിന്റെ ഒഴിച്ചു കൂടാനാകാത്ത സംഗതികളായിത്തീർന്നപ്പോൾ എല്ലാം മറന്ന നിലയിലായിരുന്നു ആ കുടുംബം.
പക്ഷെ, ആ വീട്ടിൽ ഒരു അശനിപാതത്തിന്റെ നാമ്പുയരുന്നത് മാതാവിന്റേയും പിതാവിന്റേയും ശ്രദ്ധയിൽപ്പെട്ടതേയില്ല.
പ്രേമത്തിന്റേയും കാമത്തിന്റേയും കലവറയില്ലാത്ത സീരിയൽ പ്രമേയങ്ങളും ദൃശ്യങ്ങളും അവരുടെ മകളിൽ മാറ്റമുണ്ടാക്കുന്നതും, വികാരങ്ങൾക്കടിപ്പെട്ട അവൾ സ്നേഹം തേടിയുള്ള ഊടുവഴിയാത്രകളിൽ മുഴുകുന്നതും,
ടെലഫോൺ സംഭാഷണങ്ങളിലൂടെ കാമുകനെ കണ്ടെത്തുന്നതും പ്രേമത്തിന്റെ കത്തും കടലാസുകളും കൈമാറുന്നതും
അവർ പക്ഷെ, അറിഞ്ഞില്ല...
വാപ്പ അധ്വാനത്തിലായിരുന്നു... ഉമ്മയാകട്ടെ കൺട്രോളിലും; ടി.വി.യുടെ റിമോട്ട് കൺട്രോളിൽ!!
ആ പെൺകുട്ടി ഒരു കാമുകിയായി,
അവളുടെ കാമുകൻ ഒരു മനുഷ്യച്ചെന്നായയും!
പിന്നെ സംഭാഷണങ്ങളും ഒത്തുചേരലുകളും സാർവത്രികമായി. കോളജിലേക്കുള്ള അവളുടെ യാത്രകളിൽ പലതും കാമുകന്റെ ലോഡ്ജ് മുറിയിലാണ് അവസാനിച്ചിരുന്നത്. അനർഹരായ രണ്ട് ഇണകൾ ഒറ്റപ്പെട്ടാൽ അവരെ ഒന്നിപ്പിക്കാൻ പിശാച് കാർമികനായി രംഗത്തു വരും!
പ്രേമത്തിന്റെ പരിശുദ്ധി പറഞ്ഞും
കാമത്തിന്റെ പരിവൃദ്ധി നുണഞ്ഞും ആ മനുഷ്യച്ചെന്നായ അവളെ വഞ്ചിച്ചു.
“പേടിക്കേണ്ട പ്രിയേ, അടുത്തുതന്നെ നിന്നെ ഞാനെന്റെ മണവാട്ടിയായി താലികെട്ടും.”
പൊട്ടിപ്പെണ്ണ്! എത്ര ലാഘവത്തോടെയാണ് അവൾ ഈ ‘പവിത്രമായ’ പ്രേമത്തിന്റെ ഇരയായിത്തീർന്നത്!
കഷ്ടം! മതബോധവും മാനംമര്യാദയും കളിയാടിയിരുന്ന ഒരു കുടംബത്തിൽ അപമാനത്തിന്റെ വിത്ത് മുളച്ചതും വളർന്നതും പൂവിട്ടതും കായ്ക്കാൻ തുടങ്ങിയതും എത്ര പെട്ടെന്നാണ്...
ആരാണിതിന്റെ ഉത്തരവാദി... എന്താണിതിന്റെ ഹേതു?!!
ഒരു നാൾ ഉമ്മയോടവൾ പറഞ്ഞു: “ഉമ്മാ വല്ലാത്ത വയറു വേദന.”
ഉമ്മ വാപ്പയോടു പറഞ്ഞു, വാപ്പ അവളേയും കൂട്ടി ആശുപത്രിയിലേക്ക് ചെന്നു.
പരിശോധനകളും ലാബ് ടെസ്റ്റുകളും നടന്നു.
റിസൽറ്റുമായി വന്ന നഴ്സ് പുഞ്ചിരിച്ചു കൊണ്ടു പറഞ്ഞു:

"സന്തോഷവാർത്തയുണ്ട്, മകൾ ഗർഭിണിയാണ്."
എന്ത്?! തന്റെ മോൾ ഗർഭിണിയാണെന്നോ?!!
അയാൾ സ്തബ്ധനായി! പൊട്ടിപ്പൊട്ടിക്കരഞ്ഞു! അന്നുവരേയും കുസൃതിയായിപ്പോലും തല്ലി നോവിച്ചിട്ടില്ലാത്ത തന്റെ മകളെ കലിയടങ്ങുവോളം അയാൾ അടിച്ചു!
അവളെ, അല്ലെങ്കിൽ അവളുടെ വയറ്റിൽ കിടക്കുന്ന കുഞ്ഞിനെ കൊല്ലണമെന്നുണ്ടായിരുന്നു അയാൾക്ക്...
പിന്നീടങ്ങോട്ടുള്ള അവളുടെ ദിനങ്ങൾ പീഢനങ്ങളുടേതായിരുന്നു.
പ്രസവത്തിന്റെ തലേ നാൾ പോലും അയാളവളെ ക്രൂരമായി മർദിച്ചു.
പേറ്റുനോവുകൊണ്ട് പുളഞ്ഞ അവളെ, ആശുപത്രിയിലാക്കാൻ മാത്രം എന്തുകൊണ്ടോ അയാൾ സന്മനസ്സുകാണിച്ചു!
ആശുപത്രിക്കിടക്കയിൽ അവൾ പ്രസവിച്ചിട്ടത് കുഞ്ഞിനെയായിരുന്നു...
അപമാനത്തെയായിരുന്നു... പാപത്തിന്റെ ഫലത്തെയായിരുന്നു...
ഇതിൽ ഏതു പറയണം നാം?!!
മകളുടെ 'സുഖപ്രസവത്തിന്റെ സന്തോഷവാർത്ത' കേട്ടപ്പോൾ അവളുടെ ഉമ്മ വാതിൽ തുറന്ന് റൂമിലേക്ക് കയറി.
തന്റെ മകളുടെ കണ്ണുകൾ ഈറനണിയുന്നതും,
അവളുടെ ചുണ്ടുകൾ എന്തോ പറയാനൊരുങ്ങുന്നതും ആ ഉമ്മ ശ്രദ്ധിച്ചു...
"ഉമ്മാ, എന്റെ ഉപ്പയെവിടെ...? എന്റെ സ്നേഹനിധിയായ ഉപ്പയോട് ഇനിയെനിക്ക് ചിലത് പറയാനുണ്ട്.."
പക്ഷെ, അയാൾ അവിടെയെങ്ങുമുണ്ടായിരുന്നില്ല..
തന്റെ പ്രിയപിതാവിനോട് എന്തായിരിക്കും അവൾക്ക് പറയാനുണ്ടാവുക..?!

❒❒❒❒❒

എന്റെ പ്രിയപ്പെട്ടവനേ,
ഇത് കേട്ടുതള്ളേണ്ട വെറുമൊരു കഥയല്ല!
മതി ഈ കടിഞ്ഞാണില്ലാത്ത യാത്രകൾ, മതി ഈ സമ്പത്തിനു പിന്നാലെയുള്ള ഓട്ടങ്ങൾ!
ദുരന്തങ്ങളുടെ ഹേതുവാണത്.
ഇതുപോലൊരു കഥയിലെ നായകർ നമ്മളാകാതിരിക്കാൻ ശ്രദ്ധകാണിക്കേണ്ടതില്ലേ?
പ്രിയനേ, ഞങ്ങൾക്കു വേണ്ടത് നിങ്ങളെയാണ്; നിങ്ങളുടെ സമ്പത്തല്ല
പ്രിയനേ, ഞങ്ങൾക്കു വേണ്ടത് നിങ്ങളുടെ സാന്നിധ്യമാണ്; നിങ്ങളില്ലാത്ത വീടല്ല
അതേ, ഈ വീട്ടിൽ നിങ്ങളെന്നും ഞങ്ങളോടൊപ്പമുണ്ടാകണം...

എവിടെ താങ്കളുടെ ഞങ്ങളോടുള്ള സ്നേഹം?
ഞങ്ങൾക്കൊന്ന് മതിയാവോളം കാണാൻ പോലും കിട്ടാറില്ല,
എന്നും പുറത്തുപോകുന്ന താങ്കളെപ്പറ്റി നമ്മുടെ മക്കൾ
ആവലാതി പറയുന്നു.
താങ്കളുടെ അസാന്നിധ്യത്തിൽ എന്തെല്ലാം പുകിലുകളാണ് ഈ
കുടുംബത്തിൽ!
അറിയുന്നുണ്ടോ താങ്കളിതൊക്കെ?
എങ്കിൽ വീട്ടിൽ ഞങ്ങളോടൊപ്പം തന്നെ താങ്കൾ കഴിഞ്ഞേനെ.
ഒരു അപേക്ഷയുണ്ട്, ദയവുചെയ്ത് ഇനിയെങ്കിലും
ഞങ്ങളോടൊപ്പം സമയം ചെലവഴിക്കാൻ താങ്കൾ സന്മനസ്സു
കാണിക്കുക;
ഒരു 'അശുഭവാർത്ത' നമ്മുടെ വീട്ടിൽ നിന്നും കേൾക്കാനിടവരും
മുമ്പെ.

17

# "നോക്കൂ, ഞങ്ങൾക്ക് വിശപ്പു താങ്ങാനാകും..."

ഏതൊരു പെണ്ണും നല്ല വസ്ത്രമണിയണമെന്നും തന്റെ മക്കൾക്ക് അവർ ആശിക്കുന്ന ചന്തമുള്ള വസ്ത്രങ്ങൾ വാങ്ങി നൽകണമെന്നും ആഗ്രഹിക്കുക സ്വാഭാവികമാണ്.
ഞങ്ങളും അതേ ആഗ്രഹമുള്ളവർ തന്നെ.
മനുഷ്യന്റെ പ്രകൃതിയാണത്, മനുഷ്യ പ്രകൃതിയെപ്പറ്റി അല്ലാഹു പറഞ്ഞത് വായിച്ചിട്ടില്ലേ:
"ധനത്തെ നിങ്ങൾ അമിതമായ തോതിൽ സ്നേഹിക്കുകയും ചെയ്യുന്നു." (ഫജ്ർ: 20)
പണത്തോടുള്ള ആഗ്രഹവും അതിനുവേണ്ടിയുള്ള അധ്വാനവുമൊക്കെ നല്ലതുതന്നെ.
പക്ഷെ, ഒന്നുണ്ട്; ഹലാലും ഹറാമും നോക്കിവേണം അതൊക്കെ.
ഏതു വഴിയിലൂടേയും പണമുണ്ടാക്കുന്ന ആളുകളുണ്ട്; അല്ലാഹുൽ മുസ്തആൻ!
പ്രിയനേ, അക്കാര്യത്തിൽ അല്ലാഹുവിനെ സൂക്ഷിക്കുന്ന സ്വഭാവം നിങ്ങൾക്കുണ്ടാകണം.
ഈ വീട്ടിലേക്ക് ഹലാലായ വിഭവങ്ങളേ കൊണ്ടുവരാവൂ...
ഹലാലായ ഭക്ഷണം മാത്രമേ ഞങ്ങളെ ഊട്ടാവൂ...
നിഷിദ്ധമായ ഒരു രൂപയേക്കാൾ നല്ലത് അനുവദനീയമായ അമ്പതു പൈസയാണ്.
ഉള്ളതു കൊണ്ട് തൃപ്തിപ്പെടാൻ ഞങ്ങളെല്ലാവരും ഒരുക്കമാണ്.
അനർഹമായ സമ്പാദ്യം കൊണ്ടുണ്ടാകുന്ന ആഡംബര ജീവിതത്തേക്കാൾ ആഹ്ലാദദായകമാണ് അർഹമായ സമ്പാദ്യം കൊണ്ടുണ്ടാകുന്ന എളിയ ജീവിതം.
ഞങ്ങൾക്കിഷ്ടമതാണ്.
ഇത് പറയാൻ ഒരു കാരണമുണ്ട്:

ഇന്നലെ താങ്കളുടെ ബിസിനസ് പാർട്ട്ണറുമായുള്ള ടെലഫോൺ സംഭാഷണം ഞാൻ ശ്രദ്ധിക്കുകയുണ്ടായി.
കച്ചവടത്തിൽ ചില 'സൂത്രപ്പണികൾ' സ്വീകരിക്കാനുള്ള നിങ്ങളുടെ നിർദേശങ്ങൾ കേട്ടപ്പോൾ, എന്തോ ഒരു പന്തികേടു തോന്നി!
വഞ്ചിച്ചും ചതിച്ചും പണമുണ്ടാക്കാനുള്ള ഒരുക്കമാണെങ്കിൽ...
ദയവു ചെയ്ത് അത് വേണ്ട.
പ്രിയനേ, ചരിത്രത്തിൽ ചില മൊഴിമുത്തുകളുണ്ട്; സച്ചരിതകളായ വിശ്വാസിനികൾ വീടുവിട്ടിറങ്ങുന്ന ഭർത്താക്കന്മാരോട് പറഞ്ഞ ആ മൊഴിമുത്തുകളിൽ നിന്നൊന്ന് ഞാൻ നിങ്ങൾക്കു കൈമാറട്ടെ:
"നോക്കൂ ഞങ്ങൾക്ക് വിശപ്പു താങ്ങാനാകും, നരകാഗ്നി താങ്ങാനാകില്ല!"
നല്ലതു സമ്പാദിക്കുക, ഹലാലായവയാണ് നല്ലത്.
അല്ലാഹു നമുക്ക് അനുവദനീയമാക്കിയത് ഹലാലും ത്വയ്യിബുമായ വസ്തുക്കളാണെന്ന് നിങ്ങൾ തന്നെ പറഞ്ഞത് ഞാനോർക്കുകയാണ്.
അതെ, ഹലാലായവയിലേ അനുഗ്രഹമുണ്ടാകൂ,
അല്ലാഹുവിനിഷ്ടവും അവയോടു തന്നെ.
സമ്പത്ത് വാരിക്കൂട്ടാനുള്ള തിരക്കിൽ താങ്കൾ പലപ്പോഴും ആർത്തി കാണിക്കുന്നുണ്ടൊ എന്നു ഞാൻ സംശയിക്കാറുണ്ട്,
വേണ്ട, എന്തിലും ഒരവധാനത നല്ലതാണ്. എത്ര തലകുത്തിമറിഞ്ഞാലും അല്ലാഹു ഉദ്ദേശിച്ചതു മാത്രമല്ലേ നേടാനാവൂ...
താങ്കളുടെ കൈകൾ മണ്ണിൽ ചലിച്ചതു കൊണ്ടു മാത്രം ഒന്നും ലഭിക്കില്ല..
ആ കൈകൾ ഇടക്കൊക്കെ വിണ്ണിലേക്കും ഉയരട്ടെ;
പടച്ചവനിലേക്ക്.
അവന്റെ തൗഫീഖിന് വേണ്ടി നിരന്തരം പ്രാർഥിക്കുക.
അവൻ ഉത്തരം നൽകുന്നവനാണ്.

18

# 'ഹമ്പടി, കൽപിക്കാനും തുടങ്ങിയോ?'

ഹബീബായ നബിതങ്ങൾ വസ്ത്രങ്ങളലക്കാറുണ്ടായിരുന്നു,
ചെരിപ്പ് തുന്നാറുണ്ടായിരുന്നു,
പത്തിരിക്ക് മാവു കുഴക്കാറുണ്ടായിരുന്നു...
പ്രിയപ്പെട്ടവനേ,
പ്രവാചക തിരുമേനിയുടെ സ്വഭാവമഹിമയിൽ നിന്ന് ഈ വരികൾ വായിച്ചപ്പോൾ താങ്കൾക്കത് കൈമാറണമെന്ന് തോന്നി.
എനിക്കറിയാം; അല്ലാഹുവിനേയും റസൂലിനേയും സ്നേഹിക്കുന്ന ഒരു മനസ്സ് താങ്കൾക്കുണ്ടെന്നും, പ്രവാചക ചര്യകൾ പാലിക്കാൻ താങ്കൾ ശ്രദ്ധ കാണിക്കുമെന്നുമൊക്കെ...
താങ്കൾക്കുവേണ്ടി ഞാൻ നിർവഹിക്കുന്ന സേവനങ്ങൾ എന്റെ സ്വർഗപ്രവേശനത്തിനുള്ള മാർഗങ്ങളാണ്.
സേവനങ്ങളിൽ വീഴ്ച വരാതെ സൂക്ഷിക്കുന്നത് സ്വർഗത്തോടുള്ള ആശകൊണ്ടു മാത്രമാണ്.
എങ്കിലും, പ്രിയപ്പെട്ടവനേ,
വസ്ത്രങ്ങളലക്കുന്ന,
വീട് വൃത്തിയാക്കുന്ന,
കറിക്കരിയുന്ന, ചില വീട്ടുജോലികൾ, എപ്പോഴുമല്ല, ഇടക്കൊക്കെ, താങ്കൾക്കും ചെയ്തുകൂടെ?
'ഹമ്പടി കൽപിക്കാനും തുടങ്ങിയോ?' എന്ന് ചോദിച്ച് വാളോങ്ങരുത്!
പറഞ്ഞുവെന്നേയുള്ളൂ, തീരുമാനം നിങ്ങൾക്കാകാം.
പിന്നെ, ഇതിലൊരൽപം സ്വാർഥതയുമുണ്ടെന്ന് കൂട്ടിക്കോളൂ..
ആ സന്ദർഭങ്ങളിൽ, എന്നെ പരിഗണിച്ചും എനിക്ക് സ്നേഹം പകർന്നും എന്റെ പ്രിയപ്പെട്ടവൻ എന്നോടൊപ്പം തന്നെ ഉണ്ടാകുമല്ലോ എന്ന ആശ..!
വീട്ടുപണികളിൽ എനിക്കു സഹായവുമായി താങ്കൾ നിലകൊള്ളുമ്പോൾ അത് എനിക്കൊരു ആവേശവുമായിരിക്കും.
താങ്കൾ ഒന്നും ചെയ്യുന്നില്ല എന്നല്ല, അല്ലാഹുവിൽ നിന്നുള്ള

പ്രതിഫലത്തെപ്പറ്റിയോർത്ത് ഇനിയും പലതും ചെയ്യാം എന്ന് ഉണർത്താൻ വേണ്ടി മാത്രമാണ്.
ഭാര്യമാരോടൊപ്പം വീട്ടുജോലികളിൽ മുഴുകിയിരിക്കുന്ന സൃഷ്ടിശ്രേഷ്ഠനായ മുത്ത് നബിﷺയെ ഒന്ന് ഭാവനയിൽ കണ്ടു നോക്കൂ!!
സ്വല്ലല്ലാഹു അലൈഹി വ സല്ലം!

19

# അവധികാല ചിന്തകൾ

ഇതാ വെക്കേഷൻകാലം അടുത്തുവരുന്നു.
കാലങ്ങളായി ഒരു ടൂറിന് ഞങ്ങൾ കൊതിച്ചിട്ട്!
നിങ്ങളോടൊപ്പമുള്ള ഒരു യാത്ര തീർച്ചയായും ഞങ്ങളിൽ സ്നേഹത്തിന്റെ ഇതളുകൾ വിരിയിക്കും.
തിരക്കുപിടിച്ച പതിവു രീതികളിൽ നിന്നകന്ന്, എല്ലാം മറന്ന് ഒന്ന് ഉല്ലസിക്കാൻ താങ്കളുടെ ഭാര്യക്കും മക്കൾക്കും ആശയുണ്ടാകുമെന്ന് എപ്പോഴെങ്കിലും ചിന്തിച്ചു നോക്കിയിട്ടുണ്ടോ?
ആ ഉല്ലാസ നാളുകൾ എത്ര ആഹ്ലാദദായകമായിരിക്കും!
എത്ര ഹൃദയഹാരിയായിരിക്കും!
ഇതൊടൊപ്പം ചിലകാര്യങ്ങൾ കൂടി താങ്കളുടെ ശ്രദ്ധയിലേക്കായി സമർപ്പിക്കുകയാണ്:
നമ്മുടെ മക്കൾ പരീക്ഷയിൽ നല്ല മാർക്കോടെ വിജയിച്ചിരിക്കുന്നു.
എന്തുകൊണ്ട് നമുക്കവർക്കായി അല്പം ഗിഫ്റ്റുകൾ വാങ്ങി നൽകിക്കൂടാ?
അവർക്കതൊരു പ്രോത്സാഹനമാകില്ലേ?
ഈ വർഷം നമുക്കൊരു ഉംറ യാത്ര തീരുമാനിച്ചാലോ? എത്ര മഹത്തായ ആരാധനയാണത്!
ഇന്നുമുതൽതന്നെ യാത്രക്കുള്ള ബജറ്റ് കാണാം; പണം അനാവശ്യമായി ചെലവഴിച്ചു പോകേണ്ടല്ലോ.
പിന്നെ, യാത്രയിൽ ഭക്ഷണമുണ്ടാക്കാനുള്ള സാധന സാമഗ്രികളെല്ലാം നമുക്കുതന്നെ കൂടെ കരുതാം. നമ്മൾ പാകം ചെയ്ത് കഴിക്കുന്നതാകും നല്ലത്.
ഹോട്ടലിൽ നിന്നൊക്കെയാകുമ്പോൾ... വേണ്ട അത് ആരോഗ്യപ്രശ്നങ്ങളുണ്ടാക്കും. കൂടാതെ പാഴ്ച്ചെലവും.
യാത്രയിലാണെന്ന് വെച്ച് പണം അങ്ങനെ ചെലവാക്കാനൊന്നും പറ്റില്ല...
ഓ... അടുത്താഴ്ച യാത്രപോകുന്നതു പോലുണ്ട് എന്റെ

വർത്തമാനം അല്ലേ?
ആവേശം കൊണ്ട് എഴുതിപ്പോയതാണ്..
വേറൊരു കാര്യം കൂടി:
നിങ്ങൾക്കറിയാലോ; കുടംബക്കാർ നമുക്ക് ഒരുപാടുണ്ട്.
അവരെയൊക്കെ സന്ദർശിച്ചിട്ട് കാലം കുറേയായി. എന്റേയും താങ്കളുടേയും കുടുംബങ്ങളെ സന്ദർശിക്കുന്ന കാര്യം ഒന്ന് ആലോചിച്ചാലൊ?
കുടുംബബന്ധം നിലനിർത്തുന്നതിന്റെ പ്രാധാന്യം നിങ്ങൾക്കറിയാമല്ലോ?
പിന്നെ, എന്റെ വീട്ടിലേക്ക് പോകുമ്പോൾ, ഉമ്മാക്കും സഹോദരിമാർക്കും എന്തെങ്കിലും...
അതായത്... ഉമ്മാക്കൊരു പർദയും മക്കനയും, ചെറിയ സഹോദരിമാർക്ക് ഓരോ പാവാടയും കുപ്പായവും, വാങ്ങിക്കോട്ടെ...?
താങ്കൾ സമ്മതിക്കും എന്നറിയാം.. ചോദിച്ചുവെന്നേയുള്ളൂ..
വീട്ടിലേക്കുള്ള യാത്രയിൽ നല്ല പ്രസംഗത്തിന്റെ കുറച്ചു കാസറ്റുകൾ കൂടി കൊണ്ടുപോകാം. അവിടെയെത്തും വരെ കേൾക്കാമല്ലോ.
പിന്നെ, ആ പാട്ടുകാസറ്റുകളൊക്കെ ഒഴിവാക്കിക്കൊളൂ. സംഗീതം ഹറാമാണെന്ന് നിങ്ങൾക്കറിയില്ലേ!
ഒന്ന് ആലോചിച്ചു നോക്കൂ.. മരണം എപ്പോഴാണ് പിടികൂടുന്നത് എന്ന് നമുക്കറിയുമോ?
സംഗീത സമ്മിശ്രമായ പാട്ടും കൂത്തുമായുള്ള യാത്രക്കിടയിലാണ് മരണം കടന്നു വരുന്നതെങ്കിൽ... സുബ്ഹാനല്ലാഹ്
ശരി, ആഹ്ലാദകരമായ ഒരു ഒഴിവുകാല ജീവിതത്തിന് തയ്യാറെടുക്കുകയല്ലേ?
'നന്ദി പ്രിയേ'
ഞാനൊരു സ്ത്രീയാണ്.
കുറച്ചൊക്കെ അഭിന്ദനമിഷ്ടപ്പെടാത്ത ആരുമുണ്ടാവില്ലല്ലോ.
ചെറിയ ഒരു വാക്ക്,
അത് മതി മനസ്സിൽ സന്തോഷത്തിന്റെ ആന്ദോളനങ്ങളിളക്കിവിടാൻ.
പ്രവാചകനങ്ങിനെയായിരുന്നു;
സ്വഹാബികളെ, ഭാര്യമാരെ, മക്കളെ, പേരക്കിടാങ്ങളെ.. ആരേയും കലവറയില്ലാതെ അഭിനന്ദിക്കുന്ന സ്വഭാവത്തിന്റെ ഉടമയായിരുന്നു തിരുമേനിﷺ.
പ്രിയപ്പെട്ടവനേ, താങ്കളുമാ ചരിത്രം വായിച്ചു കാണുമല്ലോ?
അതെ, അഭിനന്ദനത്തിന് മനസ്സിനെ സ്പർശിക്കാനുള്ള ശേഷിയുണ്ട്.
പക്ഷെ, താങ്കളുടെ കാര്യത്തിൽ...!
എന്റ ദൈനംദിന പ്രവർത്തനങ്ങൾക്ക് കൂടുതൽ ആവേശമുണ്ടാക്കും വിധത്തിൽ ഒരു അഭിനന്ദനത്തിന്റെ വാക്കു പറയാൻ താങ്കൾക്കെന്താണിത്ര പിശുക്ക്?!

വീട്ടിലേക്ക് കയറി വരുമ്പോൾ
വൃത്തിയുള്ള കോലായയും, ഒതുക്കി വെക്കപ്പെട്ട വസ്തുക്കളും,
പരിമളം പൊഴിയുന്ന അകവുമൊക്കെ കാണുമ്പോൾ
'മാ ശാ അല്ലാഹ്, നല്ല ഭംഗിയുണ്ടല്ലോ വീട്ടിനും മുറികൾക്കുമൊക്കെ,
ഭാര്യമാരായാൽ ഇങ്ങനെ വേണം. പടച്ചവൻ നിനക്ക് നല്ലത് വരുത്തട്ടെ
മോളെ.'
എന്തേ, ഇവ്വിധമൊന്നു പറയാൻ നിങ്ങൾക്ക് സാധിക്കാത്തത്?!
നിങ്ങളോർക്കുന്നുണ്ടോ? എത്രയോ വട്ടം നിങ്ങളെ ഞാൻ
അണിയിച്ചൊരുക്കിയിരിക്കുന്നു... എത്രയോ വട്ടം താങ്കളുടെ
വസ്ത്രങ്ങളിൽ സുഗന്ധം പൂശിത്തന്നിരിക്കുന്നു...
എന്തു കാര്യം! അതിലേക്കൊന്നു ശ്രദ്ധിക്കുകയൊ, 'നന്ദി പ്രിയേ'
എന്നൊരു വാക്കു പറഞ്ഞ് കവിളിൽത്തട്ടുകയോ ചെയ്ത ഒരോർമ
പോലും എനിക്കില്ല!
താങ്കളിൽ നിന്നുണ്ടാകുന്ന സ്നേഹമസൃണമായ ഒരു നോട്ടം,
അഭിനന്ദനം നിറഞ്ഞ ഒരു വാക്ക്,
താങ്കളോടെനിക്കുള്ള സ്നേഹത്തിൽ അവയെന്തുമാത്രം
വർധനവുണ്ടാക്കുമെന്നോ?!
വരുംനാളുകളിലെങ്കിലും താങ്കളിൽ നിന്നുണ്ടാകുന്ന ഒരു
അഭിനന്ദനത്തിന്റെ വാക്കിന് കാതോർത്ത്... നിങ്ങളുടെ പ്രിയപ്പെട്ട
ഭാര്യ.

20

# എല്ലാം അല്ലാഹു കണ്ടുകൊണ്ടിരിക്കുന്നുണ്ട്

വളരെ സന്തോഷമുണ്ടെനിക്ക്
കുറച്ചു നാളുകളായി ഗൃഹപരിചരണത്തിൽ താങ്കൾ നന്നായി ശ്രദ്ധിക്കുന്നു.
നന്ദി പ്രിയനേ, നന്ദി.
എങ്കിലും ചില 'കുറ്റങ്ങളും കുറവുകളും' പറയാതിരിക്കാൻ പെണ്ണുങ്ങൾക്കാകില്ലല്ലോ?!
പടച്ചവനിഷ്ടമില്ലാത്ത ചിലതൊക്കെ ഇപ്പോഴും നമ്മുടെ വീട്ടിൽ കാണുമ്പോൾ...
നോക്കൂ, അനാവശ്യമായ ചിത്രങ്ങൾ കൊണ്ട് നിറഞ്ഞ ചുമരുകൾ, അവക്കിടയിൽ താങ്കളുടെ പിതാവിന്റെ ഓർമച്ചിത്രമുണ്ട്... താങ്കളുടെ കോളജുകാല ഫോട്ടോകളുണ്ട്... മറ്റു പലതും... നമ്മുടെ ബെഡ്റൂമിൽ തന്നെയുണ്ട് താങ്കളുടെ വലിയൊരു ഫോട്ടോ ആൽബം!
ഓർമച്ചിത്രങ്ങളും മറ്റും വീടിനുള്ളിൽ തൂക്കിയിടുന്നത് നിഷിദ്ധമാണെന്ന പണ്ഡിത ഫത്‌വകൾ ഞാൻ മുമ്പ് വായിച്ചിട്ടുണ്ട്.
ആത്മാവുള്ളവയുടെ ചിത്രം പാടില്ലെന്ന് വിശദീകരിക്കുന്ന പ്രവാചക വചനങ്ങൾ എത്രയുണ്ടെന്നോ!
താങ്കളും അവയൊക്കെ വായിച്ചിരിക്കണം.
എന്നിട്ടും, പിന്നെന്തിനാണ് താങ്കളീ ചിത്രങ്ങളൊക്കെ കാത്തു സൂക്ഷിക്കുന്നത്? അല്ലാഹുവിൽ നിന്ന് വെറുതെ കോപം വാങ്ങിവെക്കണോ?
നശിപ്പിച്ചു കളഞ്ഞുകൂടെ? അതോ.. ഇനിയുമീ തെറ്റിൽ തുടരാനാണോ ഭാവം?
പിന്നെ, അന്തസ്സുള്ള വീട്ടിൽ കാണാൻ പാടില്ലാത്ത മറ്റൊന്നു കൂടെയുണ്ട് ഇവിടെ,

ദാ, ഈ 'മ'കാര വാരികകൾ!
സത്യത്തിൽ, അത്തരം മാസികകളുമായി താങ്കൾ വീട്ടിലേക്ക് കടന്നുവരുമ്പോൾ എനിക്കുണ്ടാകുന്ന പ്രയാസമെത്രയാണെന്നോ?
ഈ അനാവശ്യ പ്രസിദ്ധീകരണങ്ങൾക്കു വേണ്ടിയാണല്ലോ നിങ്ങൾ പണം ചെലവഴിക്കുന്നത്. നിങ്ങളുടെ കാര്യം അത്ഭുതം തന്നെ!
ഈ മകാര വാരികകളും മാസികകളും വായിച്ചിട്ട് എന്ത് ഫലമാണ് നിങ്ങൾക്ക് കിട്ടുന്നത്?
വെറും പാപത്തിലേക്ക് വഴികാണിക്കുന്ന സംഗതികളല്ലേ അവക്കുള്ളിൽ നിറയെ...?
അർധനഗ്നചിത്രങ്ങളും, സിനിമാ കഥകളും, തരംതാണ നോവലുകളും, അർഥമില്ലാത്ത നിരൂപണങ്ങളും കൊണ്ടു നിറഞ്ഞ ആ പ്രസിദ്ധീകരണങ്ങളൊക്കെ കയ്യൊഴിക്കാൻ ഇനിയും സമയമായില്ലെന്നോ, കഷ്ടം!
നിങ്ങളെ കണ്ടാണല്ലോ നമ്മുടെ ആൺകുട്ടികളും പെൺകുട്ടികളും സംസ്കാരം പഠിക്കേണ്ടത്!
ഏതു തരം നന്മയാണ് നമ്മുടെ പൊന്നോമനകളിൽ നട്ടു വളർത്താൻ നിങ്ങൾക്കാവുക?
ഇങ്ങനെ പോയാൽ എന്ത് ഗുണമാണ് ഞങ്ങൾക്ക് താങ്കളിൽ നിന്ന് പ്രതീക്ഷിക്കാനാവുക?
ഫാഷൻ വസ്ത്രങ്ങളുടെ ന്യൂ അറൈവൽസിനെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലോ...!
കാമുകീകാമുകന്മാരുടെ കാമവികാരങ്ങൾ മുറ്റിനിൽക്കുന്ന സിനിമാ ഗാനങ്ങൾ വായിപ്പിക്കലോ...!!
ഇക്കിളിപ്പെടുത്തുന്ന കഥാസാരങ്ങളിലേക്ക് ശ്രദ്ധക്ഷണിക്കലോ...!!!
പ്രിയനേ, എനിക്ക് വിശ്വാസിക്കാനാകുന്നില്ല... എത്രനേരമാണ് മാസികകളുടെ പേജുകളിലൂടെ കണ്ണുപായിച്ച് താങ്കളിരിക്കുന്നത്!
പാപങ്ങളല്ലാതെ മറ്റു വല്ലതും ആ കണ്ണുകൾ കൊയ്തെടുക്കുന്നുണ്ടോ, കഷ്ടം!!
എന്തു പറ്റീ നിങ്ങൾക്ക്...
ഞാനേറെ സ്നേഹിക്കുന്ന എന്റെ പ്രിയപ്പെട്ട ഭർത്താവിന് അല്ലാഹുവിനെ തീരെ പേടിയില്ലെന്നോ...
പ്രിയനേ, എല്ലാം അല്ലാഹു കണ്ടുകൊണ്ടിരിക്കുന്നുണ്ട്... സൂക്ഷിക്കുക.

21

# പാടില്ലായിരുന്നു... ക്ഷമിച്ചാലും

പ്രിയനേ, മാപ്പ്
എനക്ക് മാപ്പു തരില്ലേ?
അരുതാത്തതായിരുന്നു ഞാൻ താങ്കളോട് ചെയ്തത്.
എന്റെ കോപം നിയന്ത്രിക്കാനാകാതിരുന്ന ഒരു അശുഭ നിമിഷത്തിൽ സംഭവിച്ചു പോയതാണ്.
പക്ഷെ, അതിൽ ഞാനിന്ന് ആത്മാർഥമായും ഖേദിക്കുന്നു.
എന്നിൽ നിന്നുണ്ടായ എല്ലാ അവിവേകങ്ങൾക്കും ഞാനിതാ അങ്ങയോട് മനസ്സറിഞ്ഞ് മാപ്പിരക്കുന്നു.
ഞാനോർക്കുന്നു: നമുക്കിടയിലുണ്ടാകുന്ന അപൂർവം ചില വഴക്കുകൾക്കിടയിൽ എത്രയോ വട്ടം ഞാൻ പറഞ്ഞിട്ടുണ്ട്:
'നിങ്ങൾക്കെന്നെ വേണ്ടെങ്കിൽ ത്വലാഖു ചൊല്ലിക്കോളൂ...',
ഒന്നും മനസ്സറിഞ്ഞു കൊണ്ടായിരുന്നില്ല.. കോപം കൊണ്ട് ഭ്രാന്തമാകുന്ന അവസ്ഥയിൽ പറഞ്ഞു പോകുന്നതാണ്.
പാടില്ലായിരുന്നു... പറയരുതായിരുന്നു..
ഈ പൊട്ടിപ്പെണ്ണിന്റെ അവിവേകത്തിന് നിങ്ങൾ മാപ്പുതരില്ലെ?
അന്ന് നമുക്കിടയിലുണ്ടായ വാഗ്വാദങ്ങൾക്കൊടുവിൽ ഞാൻ പറഞ്ഞു:
'നിങ്ങൾക്കെന്നെ വേണ്ടെങ്കിൽ എന്റെ വീട്ടിൽ കൊണ്ടാക്കിക്കോളൂ... ഇനി ഞാൻ നിങ്ങളോടൊപ്പം പൊറുക്കുന്ന പ്രശ്നമില്ല.'
അന്നു തന്നെ നിങ്ങളെന്നെ എന്റെ വീട്ടിൽ കൊണ്ടാക്കിയതും,
എന്റെ വീട്ടിൽ ഞാനൊറ്റപ്പെട്ടു പോയതും,
എന്റെ മക്കളുടെ സാന്നിധ്യവും പ്രിയതമന്റെ തലോടലുമില്ലാത്തതിൽ ഹൃദയ വേദനയാൽ ദിവസങ്ങൾ തള്ളി നീക്കിയതും,
പണ്ടു താങ്കളെനിക്കു സമ്മാനിച്ച പുതുവസ്ത്രത്തിൽ വീണ് ഞാൻ പൊട്ടപ്പൊട്ടിക്കരഞ്ഞതും,
എനിക്കിനിയാരുണ്ട്? എന്റെ മക്കളെവിടെ? എന്റെ ഭർത്താവെവിടെ? എന്നാലോചിച്ച് ഞാൻ മാനസിക വ്യഥയിലകപ്പെട്ടതും,

എല്ലാ തെറ്റുകളും സ്വയമേറ്റെടുത്ത് എന്റെ റബ്ബിലേക്ക്
കയ്യുയർത്തി ഖേദിച്ചു പറഞ്ഞതും,
ഞാനോർക്കുന്നു.
മാപ്പാക്കണം, ഇനിയുമൊരവിവേകം ഈയുള്ളവളിൽ
നിന്നുണ്ടാകില്ലെന്ന് ഞാൻ വാക്കു തരുന്നു.
പൊറുക്കില്ലാ...?
എനിക്കറിയാം, നിറയെ സ്നേഹമൊഴുകുന്ന ആ ഹൃദയത്തിന്
എന്നോട് പൊറുക്കാതിരിക്കാൻ ആകില്ലെന്ന്..
സമ്മതിച്ചു...?
സന്തോഷമായെനിക്ക്.

22

# ഇല്ല മോളേ, ഇല്ല, ആയിരം വട്ടം ഇല്ല

ഒരു കയ്യിൽ ചായയും മറുകയ്യിൽ റിമോട്ടുമായി റ്റെലിവഷന്റെ മുമ്പിലായിരുന്നു നിങ്ങൾ.
സ്ക്രീനിൽ സുമുഖനായ ഒരു ചെറുപ്പക്കാരന്റെ പ്രകടനം.
അടിപൊളി വസ്ത്രമണിഞ്ഞ, ആരേയും ആകർഷിക്കും വിധമുള്ള സ്റ്റൈലിലാണ് ചങ്ങാതി.
അന്ന് ഞാൻ നിങ്ങളെയൊന്ന് പരീക്ഷിക്കാൻ തീരുമാനിച്ചു.
എന്റെ പ്രിയതമന് എന്നോടുള്ള പ്രിയം എത്രയുണ്ടെന്നറിയാമല്ലൊ!
ഞാനും നിങ്ങളുടെ സമീപത്തു വന്നു നിന്നു;
ആ യുവാവിനേയും ശ്രദ്ധിച്ച്, അവന്റെ പ്രകടനത്തിൽ മുഴുകി ഈ ഞാനും...
സുബ്ഹാനല്ലാഹ്...! ഞാൻ തോറ്റു... പരീക്ഷകയായ ഈ ഞാൻ തോറ്റു...
നിങ്ങൾക്ക് ഒരു ഭാവമാറ്റവും ഉണ്ടായിരുന്നില്ല...
സുമുഖനായ ഒരു ചെറുപ്പക്കാരനേയും അവന്റെ ഗോഷ്ഠികളേയും ആസ്വദിച്ചു നിൽക്കുന്ന സ്വന്തം ഭാര്യയുടെ കാര്യത്തിൽ, ക്ഷമിക്കണം, നിങ്ങൾക്ക് യാതൊരു ആശങ്കയുമുണ്ടായിരുന്നില്ലല്ലോ?!
കഷ്ടം! മഹാ കഷ്ടം!! സ്വന്തം ഭാര്യയുടെ കാര്യത്തിൽ അല്പം പോലും സ്വാർഥതയില്ലാത്ത ഒരു മനുഷ്യൻ!
നിങ്ങളൊരു പുരുഷനാണോ? അന്യയുവാക്കളെ സ്ക്രീനിൽ കണ്ടാനന്ദിക്കുന്ന ഒരു ഭാര്യ സമീപത്തു നിന്നിട്ട് നിങ്ങളുടെ മനസ്സിൽ യാതൊരു അസ്കൃതയും തോന്നിയില്ലെന്നൊ?
പറയൂ, ഈ പുരുഷത്വം എന്ന വാക്കിന്റെ അർഥമെന്താണ്?
ആവശ്യത്തിനും അനാവശ്യത്തിനും ഭാര്യമാരുടെ മുന്നിൽ നിന്ന് ഒച്ചയുണ്ടാക്കുന്നതിനും കയ്യൂക്ക് കാണിക്കുന്നതിനുമുള്ള പേരാണോ പുരുഷത്വം?!
ക്ഷമിക്കണം, ദയവു ചെയ്ത് ക്ഷമിക്കണം; ഇസ്ലാമിന്റെ കണ്ണിൽ നിങ്ങളൊരു പുരുഷനല്ല!

എന്റെ വാക്കുകൾ കടുത്തതാണെന്നറിയാം, എങ്കിലും ഒരു ആപ്തവാക്യം പറയട്ടെ: പന്നികൾക്ക് ഇണകളോടെന്ത് സ്വാർഥത!
മതിയായ മക്കനയിടാതെ, അയവുള്ള പർദയിടാതെ, അന്യരുടെ മുന്നിൽ വന്നു നിൽക്കുമ്പോൾ നിങ്ങൾക്ക് യാതൊരു ഭാവമാററവുമില്ല.
ആകർഷണീയമായ ചിത്രപ്പണികളുള്ള മഫ്തയും മക്കനയും പർദയുമൊക്കെ, ആണുങ്ങളുടെ ശ്രദ്ധകവരും എന്ന അറിവുണ്ടായിട്ടും നിങ്ങൾ വാങ്ങിത്തരുന്നവയൊക്കെ അത്തരത്തിലുള്ളതു തന്നെ...
ററലിവിഷനിൽ ഞാൻ പുരുഷന്മാരെ നോക്കിയിരുന്നാലെന്ത്!
വാരികകളിലെ ആൺചിത്രങ്ങളിൽ കണ്ണുനട്ടുനിന്നാലെന്ത്!
എവിടേയും ആരേയും ലജ്ജയില്ലാതെ ശ്രദ്ധിച്ചു നടന്നാലെന്ത്!
എന്റെ ഭാര്യ എന്റേതാണ് എന്ന ചിന്തയില്ലാത്ത ഒരാളുടെ ഭാര്യ എന്തു ചെയ്താലും പിന്നെന്ത്!
പ്രിയപ്പെട്ടവനേ, എനിക്കു വേണ്ട വസ്ത്രങ്ങൾ എംബ്രോയ്ഡറികൾ കൊണ്ട് നിറഞ്ഞതാകണമെന്നും, ടൈറ്റ്ഫിറ്റ് മോഡലായിരിക്കണമെന്നും
തലയിലിടുന്ന ഷാളിന് നീളവും വീതിയും കുറവുവേണമെന്നും
ഹൈഹീൽ ചെരുപ്പ് വേണമെന്നും
ഒക്കെയൊക്കെ ഒരു പക്ഷെ ഞാനാവശ്യപ്പെട്ടെന്നിരിക്കും...
പക്ഷെ, എന്റെ മുഴുവൻ താളത്തിനും താങ്കൾ തുള്ളുകയാണോ വേണ്ടത്?
നിങ്ങൾക്കൊന്നു പറഞ്ഞു കൂടേ:
ഇല്ല മോളേ, ഇല്ല, ആയിരം വട്ടം ഇല്ല.
എന്തുകൊണ്ടു പറഞ്ഞു കൂടാ, നിങ്ങളൊരു പുരഷനല്ലേ?
സ്ത്രീകളുടെ കാര്യത്തിൽ പുരുഷൻമാർക്ക് നീതിപൂർവകമായ നിലയിൽ കൈകാര്യധികാരമുണ്ടെന്ന ഖുർആൻ സൂക്തം നിങ്ങളും പഠിച്ചതല്ലേ?
പ്രിയപ്പെട്ടവനേ, എന്റെ കാര്യത്തിൽ താങ്കൾ സ്വാർഥനാവുക!
ഞാൻ താങ്കൾക്കുള്ളതാണ് താങ്കൾക്കു മാത്രം,
താങ്കൾ എന്റേതു മാത്രമെന്നപോലെ.
രാവിന്റെ നിശബ്ദതയിൽ പടച്ചതമ്പുരാന്റെ മുന്നിൽ രണ്ട് റക്അത്ത് നമസ്കരിച്ച് ഞാൻ നിങ്ങൾക്കു വേണ്ടി പ്രാർഥിക്കും; ആ ഹൃദയത്തിൽ എന്നും ഈയുള്ളവളെ ചേർത്തുവെക്കാനുള്ള സ്നേഹമനസ്സു നൽകാൻ.

23

# ഷോപ്പിംഗിന്

പ്രിയപ്പെട്ടവനേ, എനിക്കുവേണ്ടി താങ്കൾ ചെലവഴിക്കുന്ന ഓരോ രൂപക്കും ഞാനേറെ നന്ദിയുള്ളവളാണ്.
എന്തൊരാവശ്യം പറഞ്ഞാലും മടിയേതുമില്ലാതെ പണം നൽകാൻ താങ്കൾ കീശയിൽ കയ്യിടുമ്പോഴെല്ലാം ഞാനനുഭവിക്കുന്ന സന്തോഷമെത്രയാണെന്നോ?
എങ്കിലും, താങ്കളോട് എനിക്കൊരൽപം സ്വകാര്യം പറയാനുണ്ട്, കേൾക്കുമോ?
ഒന്നുമില്ല, നമുക്കൊന്നിച്ചൊരു ഷോപ്പിംഗിനു പോകണം.
ഷോപ്പിംഗിനല്ലേ പോകുന്നത്, നാലാൾ കൂടുന്ന സ്ഥലമല്ലേ, ഞാനൊന്നണിഞ്ഞൊരുങ്ങി കൂടെ വന്നെന്നിരിക്കും.
ഇറുക്കമുള്ള പർദയും, തലയിൽ മാത്രം വരിഞ്ഞു ചുറ്റിയ ഷാളുമായി, ഹൈഹീൽ ചെരുപ്പും കയ്യിലൊരു വാനിറ്റിയുമായി ഞാൻ കൂടെയിറങ്ങിയേക്കും.
അരുത്, അതിനെന്നെ അനുവദിക്കരുത്.
സാരമില്ല, പാവമല്ലെ എന്ന കാരുണ്യ മനസ്ഥിതി ഇക്കാര്യത്തിൽ നിങ്ങളെന്നോട് കാണിക്കരുത്.
പിന്നെ, കാറിൽ കയറിയാൽ ആ സ്ഥിരം പരിപാടിയുണ്ടല്ലോ; കാസറ്റുമിട്ട് പാട്ടും കേട്ടുള്ള യാത്ര, അതു വേണ്ട.
കൂടെ പെണ്ണൊരുത്തി ഇരിക്കുന്നുണ്ടെന്ന ബോധം വേണം.
താങ്കളോട് സംസാരിച്ചു കൊണ്ട് യാത്രചെയ്യാനാണ് എനിക്കിഷ്ടം. ബിസ്മില്ലാഹ് എന്ന് ചൊല്ലി യാത്ര തുടങ്ങുക
റോഡിൽ തിരക്കുകൂട്ടി വാഹനമോടിക്കരുത്; രണ്ട് കാര്യമുണ്ടതിൽ ഒന്ന്; റോഡ് നമ്മുടേത് മാത്രമല്ല, രണ്ട്; തിരക്കുകൂട്ടിയാലും ഇല്ലെങ്കിലും അല്ലാഹുവിന്റെ വിധിയുണ്ടെങ്കിലേ നാമവിടെയെത്തൂ. അപ്പോൾ പിന്നെ പതുക്കെ പോകുന്നതല്ലേ ബുദ്ധി?
അങ്ങാടിയിലെത്തിയാൽ എന്നോടൊപ്പം ചേർന്ന് നടക്കണം. പണ്ടുള്ള ഭർത്താക്കന്മാരെപോലെ ഒരു ഫർലോങ് മുന്നിൽ

നടക്കരുത്.
കടയിൽ കയറിയാൽ നീയായി നിന്റെ പാടായി എന്ന നിലയിൽ എന്നെ ഒറ്റക്ക് വിടരുത്.
വിലപേശേണ്ടതും വിലയുറപ്പിക്കേണ്ടതും നിങ്ങളാകണം.
ഏതു വേണം ഏതു വേണ്ട എന്നൊക്കെ നാലാൾ കേൾക്കെ എന്നോട് ചോദിക്കരുത്, പതുക്കെ പറഞ്ഞാൽ മതി.
പിന്നെ, ആദ്യം കയറിയ കടയിൽ ഇഷ്ടപ്പെട്ട സാധനമില്ലെങ്കിൽ, ഇവിടെ ഒന്നൂല്ലാ, നമുക്ക് അടുത്ത കടയിൽ പോയാലോ എന്ന് ചോദിച്ചാൽ നിങ്ങളെന്നോട് ദേഷ്യം പിടിക്കരുത്.
വേഗം വാങ്ങിയേക്ക്, സമയമെത്രയായി... എന്ന് പറഞ്ഞ് കൂടെക്കൂടെ വാച്ച് നോക്കിയാൽ പിന്നെ വാങ്ങാനുള്ള മൂഡെല്ലാം പോയേക്കും...
കൂട്ടുകാരോടൊത്ത് നേരമെത്ര കറങ്ങിയാലും താങ്കൾക്ക് മടുപ്പനുഭവപ്പെടാറില്ലല്ലോ? പിന്നെന്താ, സ്വന്തം ഭാര്യയോടൊത്ത് കറങ്ങുമ്പോൾ മാത്രം...!
എനിക്കാവശ്യമുള്ളത് വാങ്ങുന്നതുവരെ താങ്കൾ ക്ഷമ കാണിക്കണം, എനിക്കുവേണ്ടി താങ്കൾക്കും സെലക്ട് ചെയ്യാമല്ലോ.
അങ്ങനെ നല്ലൊരു ഷോപ്പിംഗും കഴിഞ്ഞ് സസന്തോഷം നമുക്ക് വീട്ടിലേക്ക് തിരിക്കാം.
എന്താ, റെഡിയല്ലെ?

24

# ഞാൻ തിരക്കിലാണ് എന്ന് പറഞ്ഞുകൂടേ?

പ്രിയനേ, താങ്കളുടെ ജോലികളേയും ജോലിത്തിരക്കുകളേയും എന്നും മാനിച്ചിട്ടുള്ളവളാണ് ഞാൻ. അതുകൊണ്ടുതന്നെ, താങ്കളുടെ തിരക്കുപിടിച്ച വേളകളിൽ ആവശ്യങ്ങൾ പറഞ്ഞ് ഒരിക്കൽ പോലും താങ്കളെ ഞാൻ ബുദ്ധിമുട്ടിച്ചിട്ടില്ല.
പക്ഷെ, ഇതങ്ങനെയല്ല; എനിക്കു വേണ്ടി ഉഴിഞ്ഞു വെക്കേണ്ട താങ്കളുടെ ഒഴിവുവേളകൾ പോലും താങ്കളെനിക്കു നൽകുന്നില്ല എന്നത് എന്നെ ഏറെ വേദനിപ്പിക്കുന്നുണ്ട്.
ഇക്കഴിഞ്ഞ ഞായറാഴ്ച,
ഇശാ നമസ്കാരശേഷം മക്കളോടൊത്ത് പാർക്കിൽ പോകാമെന്നും, ഞാനുടനെ ഇങ്ങെത്തുമെന്നും, എല്ലാവരും ഒരുങ്ങിയിരിക്കണമെന്നും പറഞ്ഞ് താങ്കൾ പുറത്തുപോയത് ഓർമ്മയുണ്ടോ?
ഇതൊക്കെ എടുത്തു പറയണമെന്ന് കരുതിയതല്ല;
ഞങ്ങൾക്കർഹതപ്പെട്ട താങ്കളുടെ സമയങ്ങൾ പോലും താങ്കൾ ഞങ്ങൾക്കു വകവെച്ചു തരാത്തതു കാണുമ്പോൾ വേദനകൊണ്ട് പറഞ്ഞുപോകുന്നുവെന്നു മാത്രം.
അന്ന് ഞങ്ങൾ താങ്കളുടെ വരവും കാത്ത് സമയമെത്ര കഴിച്ചുകൂട്ടി; ആഹ്ലാദത്തോടെ!
പക്ഷെ, നേരമേറെയിരുട്ടിയാണ് താങ്കൾ വീട്ടിലേക്ക് കയറി വന്നത്, അതും താങ്കളുടെ സുഹൃത്തിനേയും കൂട്ടി. സൽകരിക്കാൻ! ഞങ്ങളോടൊരു വാക്കു പറഞ്ഞിട്ട് അത് പാലിക്കാൻ താങ്കളെന്തേ ശ്രദ്ധിച്ചില്ല?
കൂട്ടുകാരനെ കണ്ടുമുട്ടിയപ്പോൾ വർത്തമാനം പറഞ്ഞ് നേരം പോയതറിഞ്ഞില്ല എന്നായിരിക്കും ഉത്തരം, അല്ലേ?! കഷ്ടം! സുഹൃത്തെ, ഞാനിന്ന് തിരക്കിലാണ്, കുടുംബവുമായി വെളിയിലേക്കിറങ്ങാമെന്ന് ഭാര്യക്ക് വാക്കുകൊടുത്ത

ദിവസമാണിന്ന്, എന്ന് പറയാമായിരുന്നില്ലേ നിങ്ങൾക്കയാളോട്?
അങ്ങനെ പറയാൻ താങ്കൾക്കെന്തേ നാണമായിരുന്നോ?
എനിക്കറിയുന്നില്ല; താങ്കൾക്കെന്തുപറ്റി!
ഞങ്ങളോട് വാക്കു പറഞ്ഞിട്ട് താങ്കൾ പാലിക്കാതിരിക്കുന്ന
സംഭവം ഇതാദ്യമല്ലെന്നറിയാമല്ലോ?
ദയവു ചെയ്ത് ഇനിയെങ്കിലും ഞങ്ങളെ പരിഗണിക്കുക:
ആ ചാരത്തു ചേർന്നൊന്ന് നടക്കാനുള്ള കൊതികൊണ്ടു മാത്രം
എഴുതിയതാണിത്രയും.

25

# ഈ ധൂമപടലം മടുത്തു

എന്റെ ചാരത്തണയുമ്പോൾ എന്നെങ്കിലുമൊരു ദിവസം സുഗന്ധമനുഭവിക്കാനാകുന്നില്ലെങ്കിൽ താങ്കളുടെ മുഖമൊന്നു കാണണം.
ഈർഷ്യകൊണ്ട് തുടുത്തിരിക്കുമത്.
നിനക്കൊന്ന് കുളിച്ചൊരുങ്ങി, സുഗന്ധംപൂശിയിരുന്നുകൂടേ?
എനിക്കതിഷ്ടമാണെന്ന് നിനക്കറിഞ്ഞു കൂടേ? അല്ലെങ്കിലും എന്റെ ഇഷ്ടം പരിഗണിക്കാൻ നിനക്ക് നേരമില്ലല്ലോ? അടുക്കള, അലക്ക്, തറകഴുകൽ...
ഏതെങ്കിലുമൊരു ദിവസം അല്പം വിയർപ്പിന്റെ ഗന്ധമനുഭവപ്പെടുമ്പേഴേക്കും താങ്കൾ നിന്ന് തുള്ളാറുണ്ട്.
ഇരുപത്തിനാലു മണിക്കൂറും പുകവലിച്ചൂതുന്ന നിങ്ങൾ തന്നെയാണിത് പറയേണ്ടത്. അത്ഭുതം!
വിവാഹം കഴിഞ്ഞ നാൾ മുതൽ ഈയുള്ളവൾ ആ അരോചക ഗന്ധം താങ്കളിൽ നിന്നും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്! വല്ല ആവലാതിയും പറഞ്ഞിട്ടുണ്ടോ ഞാനിതുവരെ? താങ്കളെ വിഷമിപ്പിക്കുന്നതൊന്നും പറയരുത് എന്നതുകൊണ്ടായിരുന്നു അത്.
കാറിൽ കയറിയാൽ താങ്കളാദ്യം ചെയ്യുന്ന പണി സിഗരറ്റിന് തീകൊടുക്കലാണ്.
എന്നേയും മക്കളേയും പരിഗണിക്കാറുണ്ടോ നിങ്ങൾ?
താങ്കളുടെ ആരോഗ്യത്തെ മാത്രമല്ല, മറ്റുള്ളവരുടേയും ആരോഗ്യത്തെയാണ് താങ്കൾ അപകടത്തിലാക്കുന്നത് എന്ന് ചിന്തിക്കാൻ താങ്കളെന്തേ തുനിയാത്തത്?
പ്രിയനേ, പുകച്ചുരുളിന്റെ ഗന്ധം എത്ര വൃത്തികെട്ടതാണെന്നൊ! പുകവലിച്ച വായയുടെ ഗന്ധം അതിലും രൂക്ഷമാണ്!
എന്നെങ്കിലുമൊരു നാൾ താങ്കളീ ദുശ്ശീലത്തിൽ നിന്നും മാറുമെന്ന് എത്രയോ വട്ടം ഞാൻ പ്രതീക്ഷിച്ചിട്ടുണ്ട്. പലപ്പോഴും ഇക്കാര്യമോർത്ത് ഞാൻ കണ്ണീർ പൊഴിച്ചിട്ടുണ്ട്.

അന്തരീക്ഷത്തിൽ വലിച്ചൂതാൻ വേണ്ടി മാത്രം താങ്കളെത്ര പണമാണ് ഇതിനകം തുലച്ചു കളഞ്ഞത്?!
അത്രയും ധനം പാവപ്പെട്ടവർക്ക് വേണ്ടി ചെലവഴിച്ചിരുന്നുവെങ്കിൽ പരലോകത്ത് നമുക്കതൊരു മുതൽക്കൂട്ടായിത്തീർന്നേനെ!
അല്ലാഹുവിന്റെ മുന്നിൽ നിന്ന് നമസ്കരിക്കുന്ന, അവനോട് മുനാജാത്ത് നടത്തുന്ന താങ്കൾ;
താങ്കളുടെ വായിൽ നിന്നാകട്ടെ പുകയിലയുടെ രൂക്ഷഗന്ധവും!
അടുത്തു നിൽക്കുന്നവർക്ക് അരോചകമാകുന്നതെന്തും മലക്കുകൾക്കും അരോചകമാകും എന്ന കാര്യം താങ്കൾക്ക് അറിയാത്തതല്ലല്ലോ?!
പ്രിയനേ, ദയവു ചെയ്ത്, അല്ലാഹുവിനെ ഓർത്ത് ഈ പുകവലിയൊന്ന് ഒഴിവാക്കിയാലും.
താങ്കൾക്ക് നല്ലതേ വരൂ.. പടച്ചവനുവേണ്ടി ഒരു കാര്യം ഒഴിവാക്കിയാൽ അവൻ പകരമായി നൽകുന്നത് മറ്റൊരു നന്മയായിരിക്കും.
അല്ലാഹുവിനോട് പ്രാർഥിക്കുക, നമസ്കാര ശേഷങ്ങളിൽ താങ്കൾക്ക് തൗഫീഖിനായി
ഈയുള്ളവളും പ്രാർഥിക്കും.
വർഷങ്ങളായി താങ്കളിൽ നിന്നും അരോചകഗന്ധമനുഭവിക്കുന്ന ഒരു ഭാര്യയെ ഓർത്ത്,
താങ്കളാണ് നമ്മുടെ മക്കളുടെ ജീവിത മാതൃക എന്ന യാഥാർഥ്യത്തെയോർത്ത്
ഒഴിവാക്കുക,
'മോളേ, നിർത്തി; പുകവലി ഞാൻ നിർത്തി' എന്ന സന്തോഷ വാർത്തയാകണം
ഓഫീസിൽ നിന്നും മടങ്ങിയെത്തുന്ന താങ്കളിൽ നിന്നും ഞാനാദ്യം കേൾക്കേണ്ടത്.
ആശിച്ചോട്ടെ ഞാൻ?

26

# ആ കൈകളിലൊരു സമ്മാനപ്പൊതി കാണാൻ

കൈകളിലെ സമ്മാനപ്പൊതി ഖൽബിനുള്ളിലെ സ്നേഹത്തിന്റെ തെളിവാണ്.
പ്രിയനേ, അറിയുമോ താങ്കൾക്കത്?
പ്രവാചകനരുളിയില്ലേ; 'നിങ്ങൾ ഉപഹാരങ്ങൾ നൽകുക, സ്നേഹം കൈമാറുക' എന്ന്!
എത്ര മഹത്തരമായ അരുളപ്പാടാണത്!
സ്നേഹോപഹാരങ്ങൾക്ക് കരളിൽ അവാച്യമായ സ്വാധീനമുണ്ടാക്കാനാകുമെന്നത് നേരാണ്.
താങ്കളുടെ ഓരോ യാത്രകൾ കഴിഞ്ഞെത്തുമ്പോഴും ഈ പെൺഹൃദയം വൃഥാ കൊതിച്ചു പോകാറുണ്ട്: 'ഇന്നാ കൈകളിൽ എനിക്കു വേണ്ടിയൊരു ചെറുസമ്മാനം കാണും.'
പക്ഷേ, ഈയുള്ളവൾക്ക് അതിനൊരു ഭാഗ്യം ഇന്നുവരെ ലഭിച്ചിട്ടേയില്ല.
ഒഴിഞ്ഞ കയ്യുമായി താങ്കൾ വീട്ടിലേക്ക് കയറിവരുമ്പോൾ പുഞ്ചിരിയോടെ സ്വീകരിക്കാറുണ്ട് എന്നത് നേരാണ്; പക്ഷെ, എന്റെ ഹൃദയം നീറുകയായിരിക്കും.
ഒരു ചെറിയ സമ്മാനം; സ്വന്തം ഭർത്താവിൽ നിന്നും ലഭിക്കുന്ന വിലയില്ലാത്ത ഒരു വസ്തു പോലും ഒരു ഭാര്യക്ക് വിലമതിക്കാനാകാത്ത വിഭവമാണ്.
എന്തേ, നിങ്ങൾക്കിതൊന്നും അറിയാതെ പോകുന്നു?!
സമയമുണ്ടിനിയും.
അടുത്തനാൾ ആ കൈകളിലൊരു കൊച്ചുപഹാരവുമായി കയറി വരുന്നതും കാത്ത്
സ്വന്തം പ്രിയതമ.